# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

**Vol. 14 / Issue 10**
**October 2023**


"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 ഒക്ടോബർ 2023 ലക്കം 10

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| *സർക്കുലർ.........................................................................* | *5* |
| *രൂപതാ കച്ചേരി വാർത്തകൾ..................................................* | *10* |
| *മതബോധനരംഗം .......................................................................* | *16* |
| *ചെറുപുഷ്പ മിഷൻലീഗ്......................................................* | *20* |
| *Department of Youth Ministry .........................................* | *24* |
| *കെ.സി.വൈ.എം...........................................................................* | *26* |
| *കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി....................................* | *33* |
| *കുടുംബപ്രേഷിതത്വം................................................................* | *35* |
| *സീയോൻ വാർത്ത.......................................................................* | *44* |
| *വിൻസെന്റ് ഡി പോൾ സൊസൈറ്റി....................................* | *45* |
| *സാമൂഹ്യ സേവനരംഗം (WSSS)..........................................* | *48* |
| *ജീവസ് & കെ.എൽ.എം ……………...........................................* | *52* |
| *നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി...............................* | *55* |
| *ബയോവിൻ അഗ്രോ റിസർച്ച്..................................................* | *61* |
| *റേഡിയോ മാറ്റൊലി .................................................................* | *63* |
| *Mary Matha Arts & Science College...............................* | *66* |
| *കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ..................................* | *69* |
| *ബിഷപ്സ് പ്രോഗ്രാം ...............................................................* | *89* |

# സർക്കുലർ

**Prot. No. 28146 /2023**

**Circular No. 7 /2023**

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ, പ്രിയപ്പെട്ട കുട്ടികളേ,

സീറോ മലബാർ സഭയിൽ ഓരോ അഞ്ച് വർഷം കൂടുമ്പോഴും മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി എന്ന പ്രതിനിധി യോഗം നടത്താറുണ്ട്. ഇതു വരെ നമ്മുടെ സഭയിൽ ഇത്തരം നാല് അസംബ്ലികൾ നടന്നിട്ടുണ്ട്. അഞ്ചാമത്തെ അസംബ്ലി 2024 ഓഗസ്റ്റ് മാസം 23, 24, 25 തീയതികളിലാണ്. പാലാ രൂപതയുടെ വകയായ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലാണ് അസംബ്ലി നടക്കുന്നത്. സഭയുടെ കാക്കനാട്ടുള്ള ആസ്ഥാനത്ത് സ്ഥലസൗകര്യങ്ങൾ ആവശ്യത്തിന് ഇല്ലാത്തതിനാലാണ് മറ്റ് സ്ഥലങ്ങളിൽ അസംബ്ലി നടത്തേണ്ടി വരുന്നത്.

പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമ സംഹിതയുടെ 140 മുതൽ 145 വരെയുള്ള കാനോനകളിലാണ് അസംബ്ലി സംബന്ധമായ നിയമങ്ങളുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അസംബ്ലിയുടെ നിയമാവലിയും നമ്മുടെ സഭയുടെ ആസ്ഥാനത്ത് നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട് (കാണുക: Code of Particular Law of the Syro-Malabar Church, Mount St. Thomas, 2013, pp. 100-107). പൗരസ്ത്യ സഭകളിൽ പാത്രിയാർക്കീസ് അല്ലെങ്കിൽ മേജർ ആർച്ച് ബിഷപ്പ് തലവനായിട്ടുള്ള സഭകളിൽ മാത്രമാണ് ഇത്തരം അസംബ്ലികൾ നടക്കുന്നത്. ഇതുവരെയുള്ള അനുഭവത്തിന്റെ പശ്ചാത്തലത്തിൽ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിയമാവലിയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടത് അസംബ്ലിയിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ എണ്ണം സംബന്ധിച്ചാണ്. പുതുക്കിയ നിയമാവലി അനുസരിച്ചായിരിക്കും 2024 ലെ അസംബ്ലി നടക്കുന്നത്.

എന്താണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രകൃതി എന്നതിനെപ്പറ്റി കാനോന 140 ഇപ്രകാരം പറയുന്നു: പാത്രിയർക്കീസ് അഥവാ മേജർ ആർച്ച് ബിഷപ്പ് അദ്ധ്യക്ഷനായിരിക്കുന്ന സ്വയാധികാര സഭ മുഴുവന്റെയും ആലോചനായോഗമാണ് പാത്രിയാർക്കൽ/ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭായോഗം. കൂടുതൽ പ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകിച്ചും സ്വന്തം സഭയുടെ പൊതുനന്മയും അതുപോലെ തന്നെ പല സ്വയാധികാരസഭകൾ ഒരുമിച്ചു നിലനിൽക്കുന്ന പ്രദേശം മുഴുവന്റെ പൊതുനന്മയും കണക്കിലെടുത്തുകൊണ്ട് അതാത് കാലത്തെ സാഹചര്യങ്ങളനുസരിച്ച് പ്രേഷിതത്വ (apostolate) ത്തിന്റെ ഘടനയും കർമ്മപരിപാടികളും സഭാപരമായ അച്ചടക്കവും അനുയോജ്യമായി ഏകീകരിക്കുന്നതിനും പാത്രിയാർക്കീസിനെയും അഥവാ മേജർ ആർച്ച് ബിഷപ്പിനെയും, മെത്രാന്മാരുടെ സിനഡിനെയും ഇത് സഹായിക്കുന്നു.

ചുരുക്കത്തിൽ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭ ഒരു വലിയ കൂട്ടായ്മയാണെന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട്, സഭയിലെ എല്ലാ മെത്രാന്മാരുടെയും, പുരോഹിത സന്യസ്ത അല്മായ പ്രതിനിധികളുടെയും സംയുക്ത ആലോചനായോഗമാണ് ഈ അസംബ്ലി. സഭയിൽ പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടി വരുമ്പോൾ മേജർ ആർച്ച് ബിഷപ്പിനെയും സിനഡിനെയും സഹായിക്കുവാൻ വേണ്ടിയുള്ള ഒരു ആലോചനായോഗമാണിത്.

ഈ അസംബ്ലി ഒരു നിയമനിർമ്മാണ സഭയല്ല. പൗരസ്ത്യ സഭകളിൽ നിയമനിർമ്മാണാധികാരം നിക്ഷിപ്തമായിരിക്കുന്നത് മെത്രാന്മാരുടെ സിനഡിലാണ്. ആ സിനഡിൽ മെത്രാന്മാർക്ക് മാത്രമേ അംഗത്വമുള്ളു. പൗരസ്ത്യ സഭകളിലെ സിനഡും റോമിൽ മാർപ്പാപ്പ വിളിച്ചു ചേർക്കുന്ന സിനഡും തമ്മിൽ ഏറെ വ്യത്യാസങ്ങളുണ്ട്. റോമിലെ സിനഡും മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയും ഏതാണ്ട് സമാനമാണ്. ആദ്യത്തേത് പ്രാദേശിക തലത്തിലും രണ്ടാമത്തേത് ആഗോള കത്തോലിക്കാ സഭയുടെ തലത്തിലും ആണെന്ന് മാത്രം. ഇവ രണ്ടിനും നിയമനിർമ്മാണാധികാരമില്ല. രൂപതകളിൽ നടത്തുന്ന എപ്പാർക്കിയൽ അസംബ്ലിയും

ഇതുപോലെ തന്നെയാണ്. ഈ യോഗങ്ങളിൽ ഉയർന്ന് വരുന്ന അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ സിനഡും സ്വയാധികാര സഭകളുടെ തലത്തിൽ മെത്രാൻ സിനഡുമാണ് നിയമനിർമ്മാണം നടത്തുന്നത്.

അസംബ്ലിയിൽ ചർച്ച ചെയ്യുന്നതിന് ഒരു പ്രധാന വിഷയവും കുറെ അനുബന്ധ വിഷയങ്ങളുമാണ് തെരഞ്ഞെടുക്കുന്നത്. കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോ മലബാർ സഭയിൽ എന്നതാണ് 2024 ലെ അസംബ്ലിയുടെ പ്രധാന വിഷയം. ഈ വിഷയം രൂപതകളിലെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് ലഭ്യമാകുന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ച് 2024 മാർച്ച് 31 നകം മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ എത്തിക്കണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. രൂപതയിൽ ചർച്ച ചെയ്യാനുള്ള ഒരു മാർഗ്ഗരേഖയും തന്നിട്ടുണ്ട്.

മാർഗ്ഗരേഖയിൽ പറയുന്ന അനുബന്ധ വിഷയങ്ങൾ മിക്കവയും നമ്മുടെ എപ്പാർക്കിയൽ അസംബ്ലിയിൽ ഒരു വർഷം മുമ്പ് ചർച്ചചെയ്യപ്പെട്ട വിഷയങ്ങളാണ്. അവയുടെ റിപ്പോർട്ടും നമ്മൾ തയ്യാറാക്കിയിട്ടുണ്ട്. അവയും കൂടി ചേർത്തായിരിക്കും ഇപ്പോഴത്തെ ചർച്ചകളുടെ ഫലം സഭാ കേന്ദ്രത്തിലേക്ക് അയച്ച് കൊടുക്കുന്നത്.

താഴെ പറയുന്ന തലങ്ങളിലാണ് മാർഗ്ഗരേഖയിലെ വിഷയങ്ങൾ നമ്മുടെ രൂപതയിൽ ചർച്ച ചെയ്യേണ്ടത്. വൈദിക സമിതി, പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി, ഫൊറോനാ കൗൺസിൽ, സമർപ്പിതരുടെ സംഘടന, രൂപതയിലെ മറ്റ് സംഘടനകൾ എന്നിവയുടെ രൂപതാതല സമിതികൾ, വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ രൂപതാ സമിതി, സ്കൂൾ അധ്യാപകരുടെ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തന വിഭാഗം, മേജർ സെമിനാരി വിദ്യാർത്ഥികൾ.

ഓരോ തലത്തിലുമുള്ള ചർച്ചകൾ ഏകോപിപ്പിച്ച് റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട ചുമതല ഇനി പറയുന്ന ക്രമത്തിലായിരിക്കും.

1. വൈദിക സമിതി രൂപതാ ചാൻസലർ, 2. പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി,

3. ഫൊറോനാ കൗൺസിൽ ഫൊറോനാ വികാരി, 4. സമർപ്പിതരുടെ സംഘടന– സംഘടനയുടെ പ്രസിഡന്റ് അഥവാ അദ്ദേഹത്തിന്റെ പ്രതിനിധി, 5. രൂപതയിലെ മറ്റ് സംഘടനകളുടെ രൂപതാതല സമിതികൾ– രൂപതാ ഡയറക്ടർമാർ, 6. വിശ്വാസ പരിശീലന ഡിപ്പാർട്ട്മെന്റിന്റെ രൂപതാ സമിതി– രൂപതാ ഡയറക്ടർ, 7.സ്കൂൾ അധ്യാപകരുടെ പ്രതിനിധികൾ– കോർപ്പറേറ്റ് മാനേജർ അല്ലെങ്കിൽ അദ്ദേഹം നിശ്ചയിക്കുന്ന ഒരു അധ്യാപക പ്രതിനിധി, 8. സാമൂഹ്യ പ്രവർത്തന വിഭാഗം WSSS ഡയറക്ടർ, 9. മേജർ സെമിനാരി വിദ്യാർത്ഥികൾ അവരുടെ ലീഡർ.

ചർച്ച ചെയ്യാനുള്ള മാർഗ്ഗരേഖയുടെ പകർപ്പുകൾ രൂപതാ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്. ഓരോരുത്തരും അവരവർക്ക് ആവശ്യമുള്ളത്ര കോപ്പികൾ ബിഷപ്പ്സ് ഹൗസിൽ വന്ന് വാങ്ങേണ്ടതാണ്.

ഓരോ രൂപതയിലും അസംബ്ലി സംബന്ധമായ കാര്യങ്ങൾ ഏകോപിപ്പിക്കാൻ ഒരാളെ നിയമിക്കണം എന്നാവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ രൂപതയിൽ ബഹുമാനപ്പെട്ട തോമസ് കച്ചിറയിൽ അച്ചനെയാണ് അതിനായി നിയോഗിച്ചിരിക്കുന്നത്. 2024 ലെ അസംബ്ലി സംബന്ധമായി ഏതു കാര്യത്തിനും അദ്ദേഹത്തെയാണ് സമീപിക്കേണ്ടത് (മൊബൈൽ & വാട്ട്സ്ആപ്പ്: 85471 22434. ഈമെയിൽ: kachi6a@gmail.com).

ചർച്ചയിൽ ഉരുത്തിരിയുന്ന ആശയങ്ങൾ ഗൂഗിൾ ഫോം വഴിയാണ് ബിഷപ്പ്സ് ഹൗസിൽ സബ്മിറ്റ് ചെയ്യേണ്ടത്. 2024 ജനുവരി 15ന് മുമ്പായി എല്ലാവരും സബ്മിറ്റ് ചെയ്യേണ്ടതാണ്. അതിന് ശേഷം അവ ക്രോഡീകരിച്ച് സഭാ കാര്യാലയത്തിലേക്ക് അയക്കുന്നതാണ്.

2024 ലെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ഫലദായകത്വം ഒരു പരിധിവരെ നമ്മുടെ രൂപതാതല ചർച്ചകളെ ആശ്രയിച്ചാണിരിക്കുന്നത്. അതായത് സഭയിൽ നടപ്പാകണം എന്ന് നാം ആഗ്രഹിക്കുന്ന കര്യങ്ങൾ നടപ്പാക്കാൻ ഓരോ സഭാംഗത്തിന്റേയും സജീവ ഭാഗഭാഗിത്വം അത്യന്താപേക്ഷിതമാണ്. അതുണ്ടാകും എന്ന് നാം ഉറപ്പ് വരുത്തണം. നിങ്ങളുടെ സഹകരണത്തിന് മുൻകൂട്ടി നന്ദി പറയുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2023 സെപ്തംബർ മാസം 2 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2023 ഒക്ടോബർ മാസം 8 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. അതോടൊപ്പം ഇടവകകൾ, സംഘടനകൾ, സമർപ്പിതസമൂഹങ്ങൾ തുടങ്ങിയവരുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് പോസ്റ്റ് ചെയ്യാനും അഭ്യർത്ഥിക്കുന്നു.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും, നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർമ്മിക്കാം.

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 22**

ഒക്ടോബർ മാസം 22-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം ശക്തിപ്പെടുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗ പൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച കിട്ടുന്ന മിഷൻ പിരിവിന്റെ 25% ആണ് ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തനങ്ങൾക്കായി എല്ലാവർഷവും നമ്മൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ വർഷവും രൂപത പ്രവർത്തനങ്ങൾക്കായി ആതുക മിഷൻ ലീഗിന്റെ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**പാസ്റ്ററൽ കൗൺസിൽ**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2023 ഒക്ടോബർ 14 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 1 മണി വരെ ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

## പ്രസ്ബിറ്ററൽ കൗൺസിൽ 2023 സെപ്റ്റംബർ 7

പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം 07/09/2023 ന് ബിഷപ്സ് ഹൗസ്സിൽ വെച്ച് ചേർന്നു. ബഹു. സന്തോഷ് ഒറവാന്തറ അച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സിഞ്ചല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ പ്രതിസന്ധികാലഘട്ടത്തിൽ കൂടുതൽ തീക്ഷ്ണതയോടെ അജപാലന ദൗത്യം നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയേയും മറ്റ് ആനുകാലിക വിഷയങ്ങളേയും കുറിച്ച് പരാമർശിച്ചുകൊണ്ട് ഏവർക്കും സ്വാഗതം ആശംസിച്ചു.

ബഹു. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ ജൂൺ 15 ന് രൂപതയിൽ പുതുതായി രൂപം നൽകിയ കെ. എൽ. എം, ജീവസ് എന്നീ ഡിപ്പാർട്ടുമെന്റുകളുടെ ഇതുവരെയുള്ള വളർച്ചയെക്കുറിച്ച് സംസാരിച്ചു. ഒരു പുതിയ വിഭാഗം എന്ന നിലയിൽ കെ എൽ എം, ജീവസ് എങ്ങനെ മുന്നോട്ട് പോകണം എന്നതിനെ കുറിച്ച് ആശയരൂപീകരണം നടത്തുകയും, രൂപതയിൽ നടത്തിയ സർവ്വേ റിസൾട്ട് ക്രോഡീകരിച്ചുകൊണ്ട് തൊഴിലിന്റെ അടിസ്ഥാനത്തിൽ ഇടവക തിരിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുകയും, ജനസേവനകേന്ദ്രം ആരംഭിക്കുന്നതിനുവേണ്ട പ്രാരംഭ ക്രമീകരണങ്ങൾ നടത്തി, ആളുകളെ ബോധവൽക്കരിക്കുന്നതിനായി ജില്ലയിലെ വിവിധ തലങ്ങളിൽ പ്രഗത്ഭരായവർ അടങ്ങിയ 25 അംഗങ്ങളുടെ സർവീസ് ടീം രൂപീകരിച്ച്, ആദ്യ ഘട്ടം എന്ന നിലയിൽ അന്യസംസ്ഥാന തൊഴിലാളികളായ 100 പേരുടെ ഫോറം രൂപീകരിക്കുകയും അവരെ 5,00,000 രൂപ കവറേജ് ലഭിക്കുന്ന ഇൻഷുറൻസ് പദ്ധതിയിൽ സൗജന്യമായി ചേർക്കുകയും ചെയ്തു എന്ന് അറിയിച്ചു. മുന്നോട്ട് സർക്കാർ തലത്തിൽ ലഭ്യമായ പദ്ധതികൾ ഉൾപ്പെടുത്തികൊണ്ട് ഹാന്റ് ഔട്ട് തയ്യാറാക്കാനും, റേഡിയോ മാറ്റൊലിയുടേയും, മീഡിയ കമ്മീഷന്റെയും സഹായത്താൽ പ്രഭാഷണ പരമ്പരകൾ നടത്തുവാനും കുടുംബ കൂട്ടായ്മ ട്രെയിനിംഗിൽ ഇത്തരം വിഷയങ്ങൾ ഉൾപ്പെടുത്താനും ലക്ഷ്യം വയ്ക്കുന്നു എന്നറിയിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഓരോ ഫൊറോനയിൽ നിന്നും ഓരോ അച്ചനേയും ഓരോ ഇടവകയിൽ നിന്നും ഓരോ കോർഡിനേറ്ററേയും തെരഞ്ഞെടുക്കുകയും വേണമെന്ന് അഭിപ്രായപ്പെടുകയും തുടർന്നുള്ള പ്രവർ

ത്തനങ്ങൾക്ക് വൈദീകരുടെ ആത്മാർത്ഥമായ സഹായവും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്തു.

ബഹു. സണ്ണി മഠത്തിലച്ചൻ മദ്യവിരുദ്ധസമിതിയുടെ (ടെമ്പറൻസ് മൂവ്മെന്റ്)നാളിതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ച് വിവരിക്കുകയും സംഘടനയുടെ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ കാര്യക്ഷമമാക്കുന്നതിന് വേണ്ട മാർഗനിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും അച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. രൂപതയിലെ ടെമ്പറൻസ് മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ ബോധവൽക്കരണം, ഇടവക തലത്തിൽ കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരണം, പുനരധിവാസ സംവിധാനം, 5 മുതൽ 12 വരെ ക്ലാസുകളിൽ വേദപാഠം പഠിക്കുന്ന കുട്ടികൾക്കായി ജ്വാല ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിക്കുക, കോർപ്പറേറ്റ് സ്കൂളുകളിൽ CASA (Campus Against Substance Abuse) ക്ലബ് രൂപീകരിക്കുക, ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ ഉദ്ധരിക്കുകബോധവൽക്കരിക്കുക തുടങ്ങിയ നിർദേശങ്ങൾ മുന്നോട്ട് വച്ചു.

**ചർച്ചകളും തീരുമാനങ്ങളും**

1. രൂപതയിൽ പ്രധാന സാമ്പത്തിക കാര്യങ്ങളെ കുറിച്ച് തീരുമാനമെടുക്കുവാൻ ഒരു കൺസൾട്ടേഴ്സ് ഫോറം രൂപീകരിക്കണമെന്നും ചരിത്ര കമ്മറ്റിയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചുകൊണ്ട് നിലവിൽ അംഗങ്ങളായവരെ ഉൾപ്പെടുത്തിക്കൊണ്ട് തന്നെ പുതിയൊരു കമ്മറ്റിക്ക് രൂപം നൽകുന്നതിനെ കുറിച്ചും ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ അഭിപ്രായപ്പെട്ടു.

2. എറണാകുളം വാഴക്കാലയിലുള്ള സ്ഥലം വിൽക്കേണ്ട സാഹചര്യത്തെക്കുറിച്ച് രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറയ്ക്കലച്ചൻ അറിയിച്ചു. തുടർന്ന് നടന്ന ചർച്ചകൾക്കൊടുവിൽ പ്രസ്തുത സ്ഥലം വിൽക്കുവാനുള്ള തീരുമാനത്തെ വൈദിക സമിതി അംഗീകരിക്കുകയും ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചനെ തുടർന്നുള്ള നടപടികൾ സ്വീകരിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

3. ബഹു. മനോജ് അമ്പലത്തിങ്കൽ അച്ചന്റെ നേതൃത്വത്തിൽ രൂപതയിലെ പ്രവാസികളുടെ ഒരു ഫോറം രൂപീകരിക്കുന്നതിന്

ആലോചിക്കുന്നു. അവരുടെ ഓൺലൈൻ സമ്മേളനങ്ങൾ, പ്രാർത്ഥനാകൂട്ടായ്മകൾ തുടങ്ങിയവ നടത്തുകയും അവർക്കാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. അതിനായി ഓരോ ഇടവകയിൽ നിന്നും വിദേശത്ത് ജോലി ചെയ്യുന്നവരുടെ ഫോൺ നമ്പർ ശേഖരിച്ച് മനോജ് അച്ചനെ ഏൽപ്പിക്കണമെന്ന് അറിയിച്ചു.

4. ബഹു. മനോജ് കവളക്കാടൻ അച്ചൻ സെന്റ് ജോസഫ്സ് ആശുപത്രിയുടെ മാസ്റ്റർ പ്ലാനിനെക്കുറിച്ചും നിലവിൽ 4 ഫ്ളോറുകളിലായി നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും വിവരിച്ചു. രണ്ട് മാസത്തിനുള്ളിൽ ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നതായും അറിയിച്ചു. ന്യൂമാൻസ് കോളേജിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകളെക്കുറിച്ചും മുമ്പോട്ടുണ്ടാകാൻ സാധ്യതയുള്ള പ്രതിസന്ധികളെക്കുറിച്ചും, പ്രവർത്തനസാധ്യതകളെക്കുറിച്ചും അച്ചൻ വിശദീകരിച്ചു.

5. അഭിവന്ദ്യ പിതാവ് പഞ്ചാബ് മിഷനെക്കുറിച്ച് ആമുഖമായി സംസാരിക്കുകയും ബയോവിനും, മിഷൻ ലീഗും കാറ്റക്കിസം ഡിപ്പാർട്ട്മെന്റും വിവിധ ഇടവകകളും നൽകിയ സഹായങ്ങളെ പ്രശംസിക്കുകയും ചെയ്തു. തുടർന്ന് ബഹു. സജി നെടുങ്കല്ലേൽ അച്ചൻ പഞ്ചാബിലെ നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും മുമ്പോട്ടുള്ള മിഷൻ സാധ്യതകളെക്കുറിച്ചും സംസാരിക്കുകയും പഞ്ചാബ് മിഷനെ സാമ്പത്തികമായി സഹായിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സംസാരിച്ചു.

6. എപ്പാർക്കിയൽ അസംബ്ലി റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറായിരിക്കുന്നുവെന്നും ഇതിനെ അടിസ്ഥാനപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുവാനുള്ള നടപടികൾ ഉടനെ ആരംഭിക്കുമെന്നും ചാൻസലർ അച്ചൻ അറിയിച്ചു.

7. 2024 ആഗസ്റ്റിൽ നടക്കാനിരിക്കുന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയെക്കുറിച്ച് സംസാരിക്കുകയും മാർഗരേഖ വിതരണം ചെയ്യുകയും ചെയ്തു.

അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് സമാപന സന്ദേശം നൽകി. നാം അറിവ് കൊടുക്കുന്നവരാകണമെന്നും അത് കൃത്യ

സമയത്ത് കൊടുക്കപ്പെടണമെന്നും അല്ലെങ്കിൽ തെറ്റിദ്ധരിക്കപ്പെടുമെന്നും അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു. പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം (മലാക്കി 2:7) എന്ന ദൈവവചനം പരാമർശിച്ചു കൊണ്ട് നാം അനുനിമിഷം ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും നവീകരണങ്ങളെക്കുറിച്ചും അറിവുള്ളവരാകണമെന്നും പിതാവ് ഉദ്ബോധിപ്പിച്ചു.

യോഗത്തിന് സിഞ്ചെല്ലൂസ് റവ. ഫാ. തോമസ് മണക്കുന്നേൽ നന്ദി പറയുകയും ഉച്ചയ്ക്ക് ഒരുമണിയോടെ അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 5**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ നവംബർ 5 ഞായറാഴ്ച നടക്കുന്നതായിരിക്കും. രൂപതയിലെ എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന സമയത്തുതന്നെ (11-1 മണി) പരീക്ഷ നടത്തുന്നതിനായി ബഹു. വികാരിയച്ചൻമാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. മറ്റ് സമയങ്ങളിൽ വേദപാഠം നടത്തുന്ന ഇടവകകൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് പരീക്ഷ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. നവംബർ 3-ാം തീയതി വെള്ളിയാഴ്ച്ച 10 മണി മുതൽ 4:30 വരെ രൂപത മതബോധന കേന്ദ്രത്തിലും (മണിമൂളി, നിലമ്പൂർ, നീലഗിരി ഒഴികെ) മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാളിലും (മാനന്തവാടി, പയ്യംപള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

ഇനിമുതൽ 2 സെമസ്റ്റർ ആയിട്ടാണ് നമ്മുടെ പരീക്ഷകൾ നടത്തുക. 1 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിൽ ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ ചോദിക്കുന്നതല്ല. 11, 12 ക്ലാസുകാർക്ക് ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ വാർഷിക പരീക്ഷയ്ക്ക് ഉണ്ടായിരിക്കുന്നതാണ്. 4 മുതൽ 12 വരെ ക്ലാസ്സുകാർക്ക് 80 മാർക്കിൽ ആയിരിക്കും ഇനി പരീക്ഷ. 100 ൽ 20 മാർക്ക് Internal ആയിരിക്കും. Internal മാർക്ക് ക്ലാസ് കയറ്റത്തിന് ഇനി മുതൽ പരിഗണിക്കുന്നതാണ്.

**മാർക്ക് വിഭജനം**

1, 2, 3 ക്ലാസുകൾക്ക് ആകെ മാർക്ക് 50 (part 1 പാഠഭാഗം - 30 മാർക്ക്, part 2 ഉപപാഠം, നമസ്ക്കാരം, വചനം - 10 മാർക്ക് part 3 Internal 10 മാർക്ക്)

1, 2 ക്ലാസുകളിലെ കുട്ടികളെ ഒന്നിച്ചിരുത്തി ഓരോ ചോദ്യങ്ങൾ പൂർത്തിയാക്കി അടുത്തതിലേക്കുപോകുക. ചില ചോദ്യങ്ങൾ ഉത്തരമെഴുതുവാനും മറ്റ് ചിലത് ഉത്തരങ്ങൾ പറയുവാനും ഉള്ളതായിരിക്കും. ഉത്തരങ്ങൾ പറയുന്ന ചോദ്യനമ്പറുകളുടെ നേരെ അപ്പോൾതന്നെ മാർക്ക് നല്കുക.

4 മുതൽ 12 വരെ ക്ലാസുകൾക്ക് ആകെ മാർക്ക് 100 (part 1 പാഠഭാഗം - 60 മാർക്ക്, part 2 ഉപപാഠം, നമസ്ക്കാരം, വചനം പൊതുവിജ്ഞാനം - 20 മാർക്ക് part 3 Internal -20 മാർക്ക്

1 മുതൽ 7 വരെ ക്ലാസുകൾക്ക് മുൻമ്പ് നല്കിയിരുന്നതു പോലെ വർക്ക്ഷീറ്റ് ആയിരിക്കും.

**സ്കോളർഷിപ്പ്**

മുൻപ് 4, 7 ക്ലാസുകളിലെ കുട്ടികൾക്ക് നടത്തിക്കൊണ്ടിരുന്ന പ്രത്യേക സ്കോളർഷിപ്പ് പരീക്ഷ ഇനിമുതൽ ഉണ്ടായിരിക്കുന്നതല്ല. രൂപത സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് ആരംഭിച്ചിരിക്കുന്ന ബിഷപ്പ് എമ്മാനുവേൽ പോത്തനാമുഴി സ്കോളർഷിപ്പ് 4, 7, 10 ക്ലാസുകളിലെ കുട്ടികൾക്ക് നൽകുന്നതാണ്. അതിനായി ആദ്യ സെമസ്റ്റർ പരീക്ഷയിൽ Part I ലും, II ലും 80 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ലിസ്റ്റും ഉത്തരകടലാസും രൂപതാ കേന്ദ്രത്തിലേക്ക് നൽകണം. കുട്ടിക്ക് അവിടെ ലഭിച്ച മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുക. രൂപതാകേന്ദ്രം ആ ഉത്തരക്കടലാസുകൾ ഒരിക്കൽ കൂടി value ചെയ്യുന്നതാണ്. ഇവിടെനിന്നുള്ള രണ്ടാമത്തെ മൂല്യനിർണയത്തിൽ രണ്ടുവിഭാഗത്തിലും 80 ശതമാനത്തിന് മുകളിൽ മാർക്കുള്ള കുട്ടികളെയാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. ആ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിലും 80 ശതമാനത്തിനു (രണ്ടുവിഭാഗത്തിലും ) മുകളിൽ മാർക്ക് ലഭിച്ചാൽ ഉത്തരകടലാസുകൾ രൂപതാ കേന്ദ്രത്തിലേക്ക് നൽകണം. ആ പേപ്പറുകൾ രൂപത value ചെയ്തു 80 ശതമാനത്തിനു മുകളിലാണെങ്കിൽ ആ കുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹത ലഭിക്കും. അർഹത നേടുന്നവരുടെ ഉയർന്ന മാർക്കിനനുസരിച്ച് എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന് തീരുമാനിക്കും.

**Mission Quiz**

സഭയെയും, കൂദാശകളെയും, പ്രേഷിതദൗത്യത്തെയും ആഴത്തിലറിയുവാൻ സീറോ മലബാർ മിഷൻ ഓഫീസും, മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന ഈ വർഷത്തെ മിഷൻ ക്വിസ്സ് 2023 ഒക്ടോബർ 28 ന് നടത്തപ്പെടുന്നതാണ്. കുട്ടികൾക്ക് വിശ്വാസ പരിശീലന ക്ലാസുകളിലും, മുതിർന്നവർക്ക് കുടുംബകൂട്ടായ്മയുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളിലും വിശദവിവരങ്ങൾ നൽകി കഴിയുന്നത്ര ആളുകൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓരോ രൂപതക്കുമുള്ള ഗൂഗിൾ ഫോമിന്റെ ലിങ്കുകൾ സീറോ മലബാർ മിഷന്റെ

വെബ്സൈറ്റിൽ ലഭ്യമാകും. www.syromalabarmission.com . സാമ്പിൾ ചോദ്യങ്ങളും ഈ വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

* പാഠഭാഗങ്ങൾ: വി. മർക്കോസ്, 1 കോറി (40%), കൂദാശകളും കൂദാശാനുകരണങ്ങളും

* സീറോമലബാർ സഭ (30%)

* ആഗോളതലത്തിലും, രൂപതാതലത്തിലും പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

* രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

* പരീക്ഷ ഓൺലൈനായിരിക്കും. 2023 ഒക്ടോബർ 28 (8-8.45 PM).

മത്സരവുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് 2023mission-quest@gmail.com ഉപയോഗിക്കുക.

**മതാധ്യാപകദിനം, നവംബർ.19**

ഈ വർഷത്തെ മതാധ്യാപകദിനം, നവംബർ 19 നായിരിക്കും. യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ നമ്മുടെ മക്കൾക്ക് വിശ്വാസവഴികളിൽ വെളിച്ചമേകുന്ന മതാധ്യാപകരെ പ്രത്യേകം അനുസ്മരിക്കുന്ന ദിനത്തിൽ അവരെ ആദരിക്കുന്ന പ്രോഗ്രാമുകൾ ഇടവകതലത്തിൽ നടത്തുമല്ലോ.

**പ്രതിഭാസംഗമം 2023**

XII , VII ക്ലാസുകളിലെ വിശ്വാസ പരിശീലന വേദികളിലെ കുട്ടികളുടെ സജീവ പങ്കാളിത്തം, സഹോദരങ്ങളുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി വ്യയം ചെയ്യുവാനുള്ള കഴിവ്, ഇവയോടൊപ്പം അവരുടെ സമഗ്ര വ്യക്തിത്വത്തെ നിർണയിക്കുന്ന അദ്ധ്യാത്മികവും ബൗദ്ധികവുമായ മുഴുവൻ ഘടകങ്ങളെയും , കഴിവുകളെയും പരിഗണിച്ച് ഓരോ ഇടവകയിലും നിന്ന് വേദപാഠത്തിന് ഏഴാം ക്ലാസ്സിലും, പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന 2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ എന്നിവരെ സെലക്ട് ചെയ്ത് മേഖലയ്ക്ക് അയയ്ക്കുക. മേഖലാ പ്രതിഭാ സംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടി, 2 പെൺകുട്ടി എന്നിവർക്കാണ് രൂപതാ പ്രതിഭാ സംഗമത്തിന് പങ്കെടുക്കാൻ സാധിക്കുക. ക്ലാസ്സ് പന്ത്രണ്ടിന്റെ പ്രതിഭാസംഗമം മേഖലയിൽ ഒക്ടോബർ 10 നുള്ളിൽ നടത്തണം. മേഖലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ പേരുവിവരങ്ങൾ ഒക്ടോബർ 10 നുള്ളിൽ രൂപതാ മതബോധന ഓഫീസിൽ നൽകേണ്ടതാണ്. 12-ാം ക്ലാസിന്റെ സിലബസ് ഇതോടൊപ്പം നൽകുന്നു

**Quiz**

1. വി. മത്തായി 1-20 അധ്യായങ്ങൾ
2. അപ്പസ്തോല പ്രവർത്തനങ്ങൾ 1-10 അധ്യായങ്ങൾ
3. സീറോ മലബാർ സഭയുടെ ചരിത്രം
4. സഭയെ സംബന്ധിച്ച പൊതു വിവരങ്ങൾ.
5. വി. ദേവസഹായം പിള്ള

**മേഖല മതാധ്യാപക കൺവെൻഷൻ**

**ബത്തേരി മേഖല:** ബത്തേരി ഇടവകയിൽവച്ച് രൂപതാ ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചന്റെ കാർമികത്വത്തിൽ വി. കുർബാനയോടെ കൺവെൻഷൻ ആരംഭിച്ചു. തുടർന്ന് തേവര കോളേജ് അസി. പ്രൊഫ. ഫാ. സാബു കുമ്പുക്കൽ ക്ലാസുകൾ നയിച്ചു. സമാപന സമ്മേളനത്തിൽ ബത്തേരി മേഖലാ ഡയറക്ടർ ഫാ. വിൻസെന്റ് കളപ്പുരയിൽ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. അധ്യക്ഷൻ ഫൊറോന വികാരി ബഹു. ജോസഫ് പരുവുമ്മേൽ സന്ദേശം നല്കി. വിശ്വാസ പരിശീലന രംഗത്ത് 50, 35, 25 വർഷങ്ങൾ പൂർത്തിയാക്കിയവരെയും, മേഖലയിൽനിന്ന് സംസ്ഥാന പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട മൂലങ്കാവ് ഇടവകാംഗം ആരോൺ ജിയോ ടോംമിനെയും, രൂപതാജൂബിലി സ്കോളർഷിപ്പ് വിജയികളെയും ആദരിച്ചു. ഫൊറോനാ സെക്രട്ടറി ജോബി കുഴികണ്ടത്തിൽ സാർ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അർപ്പിച്ചു.

കൺവെൻഷന്റെ വിജയത്തിനായി എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചനെയും, മേഖല ഡയറക്ടർ അച്ചനെയും, കൊച്ചച്ചൻമാരായ ബഹു. അജിൻ ചക്കാലയിലിനെയും തോമസ് ഞള്ളമ്പുഴയെയും, മേഖല സെക്രട്ടറിയെയും, ഫൊറോനയിലെ എല്ലാ പ്രധാനാധ്യാപകരെയും, ബത്തേരി ഇടവകയിലെ കൈക്കാരന്മാരെയും, അധ്യാപകരെയും, പങ്കെടുത്ത എല്ലാ അധ്യാപകരെയും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി അറിയിക്കുന്നു.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

## ചെറുപുഷ്പ മിഷൻലീഗ്

നന്മ നിറഞ്ഞ മറിയമേ സ്വസ്തി... എന്ന ജപമാല പ്രാർത്ഥന യോടൊപ്പം ജയ് ജയ് മിഷൻലീഗ് ജയ് ജയ് ചെറുപുഷ്പം എന്ന മുദ്രാ വാക്യ വിളികൾ ഉയരുന്ന ചെമഞ്ഞ കൊടി എങ്ങും പാറുന്ന പ്രേഷിത ആവേശം ഏവരിലും ജ്വലിക്കുന്ന ഒക്ടോബർ മാസം വീണ്ടും ആഗത മായി. ആഗോള മിഷന്റെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു കൊണ്ട് മിഷൻ മാസാചരണത്തിലേക്ക് നാം പ്രവേശി ക്കുകയാണല്ലോ. എല്ലാവർക്കും വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ മംഗളങ്ങൾ 'ഹൃദയങ്ങൾ ജ്വലിക്കട്ടെ, പാദങ്ങൾ ചലി ക്കട്ടെ' എന്ന ആപ്തവാക്യമാണ് ഫ്രാൻസിസ് മാർപാപ്പ ഈ വർ ഷത്തെ മിഷൻ ഞായറിനായി നൽകിയിരിക്കുന്നത്. നമ്മുടെ രൂപതയിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം മിഷൻ മാസമായി ആചരിക്കുകയാണ്. വിവിധ ങ്ങളായ കർമ്മപദ്ധതികൾ വിഭാവനം ചെയ്ത് വിശുദ്ധ കൊച്ചു ത്രേസ്യായെപോലെ 'ആത്മീയ ശിശുത്വത്തിന്റെ പാത പിന്തുടരാൻ, അവളുടെ 'കൊച്ചു വഴികൾ' (Little Ways) അനുകരിക്കാൻ, അങ്ങനെ പ്രേഷിത തീഷ്ണതയാൽ ഹൃദയത്തെ ജ്വലിപ്പിക്കാനും പ്രേഷിത വഴിയിൽ നമ്മുടെ പാദങ്ങളെ ചലിപ്പിക്കാനും നമുക്ക് സാധിക്കട്ടെ. ഏവർക്കും പ്രേക്ഷിത മുന്നേറ്റത്തിന്റെ അനുഗ്രഹീതമായ 'മിഷൻ മാസം' ആശംസിക്കുന്നു. ഈ ജപമാല മാസത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥം അപേക്ഷിക്കുന്നു.

**രൂപത സാഹിത്യമത്സരം**

ബൈബിൾ കലോത്സവം 2023-24 ന്റെ രൂപതാതല സാഹിത്യ മത്സരം രൂപതയുടെ 13 കേന്ദ്രങ്ങളിലായി നടത്തപ്പെട്ടു. 546 മത്സരാർ ത്ഥികൾ പങ്കെടുത്ത രൂപതാതല മത്സരത്തിന്റെ ഔദ്യോഗിക ഉദ്ഘാ ടനം നിലമ്പൂർ ഫൊറോന വികാരി ബഹു. ജയ്സൺ കുഴികണ്ട ത്തിൽ അച്ചൻ നിർവഹിച്ചു. മത്സരത്തിന് നേതൃത്വം കൊടുത്ത CML

രൂപത സമിതി, മേഖല ഡയറക്ടർ അച്ചന്മാർ, ജോയിൻ ഡയറക്ടേഴ്സ്, മേഖല ടീം അംഗങ്ങൾ, ശാഖ ടീം അംഗങ്ങൾ, മത്സരാർത്ഥികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞുവിട്ട അധ്യാപകർ മാതാപിതാക്കൾ എല്ലാവരെയും നന്ദിയോടെ ഓർമ്മിക്കുന്നു. മത്സരം ക്രമീകരിക്കാൻ വേദികൾ ഒരുക്കിയ ഇടവകകളെയും നന്ദിയോടെ സ്മരിക്കുന്നു.

**അഭിനന്ദനങ്ങൾ**

രൂപതാ ബൈബിൾ കലോൽസവത്തിനോടനുബന്ധിച്ച് നടത്തിയ ലോഗോ നിർമ്മാണ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ആഷ്ബെൽ കൊമ്മയാടിന് മിഷൻ ലീഗ് രൂപതാകുടുംബത്തിന്റെ അഭിനന്ദനം.

**ശാഖാ സൗഹൃദ സന്ദർശനം**

17-9-2023 തലഞ്ഞി, ഇടിവണ്ണ, ചോക്കാട്, വള്ളികെട്ട്, പാലെമാട്, പാലാങ്കര, മുട്ടിയേൽ, താളിപ്പാടം, പൂളപ്പാടം, നിലമ്പൂർ, മണിമൂളി, പാതിരിപ്പാടം, പൂക്കോട്ടുംപാടം, റൂബിനഗർ, വടപുറം, ഭൂതാനം, കുറുമണി എന്നി ശാഖകളിൽ സന്ദർശനം നടത്തി. സഹകരിച്ച എല്ലാവർക്കും നന്ദി.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

സാഹിത്യമത്സര ഒരുക്ക ക്ലാസും സംശയനിവാരണവും സംഘടിപ്പിച്ചു. കുഞ്ഞേട്ടൻ അനുസ്മരണം, അൾത്താരബാല ദിനം ആശംസകൾ നേർന്നു.

**ബത്തേരി**

സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും ഡയറക്ടേഴ്സ് ദിനാഘോഷവും നടത്തി. ശാഖ, മേഖലാ തലങ്ങളിൽ മിഷൻ ലീഗിനെ നയിക്കുന്ന ഡയറക്ടർ അച്ചന്മാർക്ക് ഈ ദിനത്തിന്റെ ആശംസകൾ പങ്കുവെച്ചു.

**ശാഖാ വാർത്തകൾ**

**കൊട്ടിയൂർ**

വി. ജോൺ മരിയ വിയാനി ദിനത്തിൽ രൂപതയിലെ വിയാനി ഭവൻ സന്ദർശനം നടത്തി. കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ ആദ്യകാല മിഷൻലീഗ് പ്രവർത്തകരെ ആദരിച്ചു. ദൈവവചനം പഠിക്കാം 'സ്റ്റാർ ഓഫ് ദി വീക്ക്' പ്രോഗ്രാമിന് തുടക്കം കുറിച്ചു. ഓണ

ക്കിറ്റ് വിതരണം നടത്തി. വിദ്യാർത്ഥികൾക്ക് ദൈവവിളി ക്ലാസ് സംഘടിപ്പിച്ചു.

**തോമാട്ടുച്ചാൽ**

മാനന്തവാടി ഹോസ്പിറ്റലും സമരിറ്റൻ ഭവനവും സന്ദർശിക്കുകയും അവർക്കുവേണ്ടി ഭക്ഷണം ഉണ്ടാക്കി കൊടുക്കുകയും അവരോടൊപ്പം കുറച്ചുസമയം ചെലവഴിക്കുകയും ചെയ്തു.

**കണിയാരം**

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും ആഘോഷിച്ചു. ഓണത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. പരി. അമ്മയുടെ പിറവി തിരുനാളിനോടനുബന്ധിച്ച് 'എന്റെ സ്വന്തം അമ്മ' എന്ന വിഷയത്തിൽ വീഡിയോ സന്ദേശം നൽകി.

**കരിമ്പിൽ ശാഖ**

പോർസുങ്കുലാദണ്ഡവിമോചനത്തിന്റെ പ്രത്യേകതകൾ വിവരിക്കുന്ന വീഡിയോ നല്കി ഓഗസ്റ്റ് 2 ലെ പൂർണദണ്ഡവിമോചനത്തിനായി ഒരുക്കി. വിയാനി ദിനത്തോടനുബന്ധിച്ച് ആശംസാ പോസ്റ്റർ തയ്യാറാക്കി, ആശംസകൾ നേർന്നു. കുഞ്ഞേട്ടൻ ദിനത്തോടനുബന്ധിച്ച് ശാഖാ, മേഖലാ, രൂപതാ തലഭാരവാഹികൾക്ക് ആശംസകൾ നേർന്നു വി. ജോൺ ബർക്കുമൻസിന്റെ തിരുനാളിനോടനുബന്ധിച്ച് അൾത്താരാ ബാലികാബാലന്മാർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ആശംസാപോസ്റ്റർ തയ്യാറാക്കി ഗ്രൂപ്പിൽ ഫോർവേഡ് ചെയ്തു. പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുന്നാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവുമനുബന്ധിച്ച് പ്രത്യേകം പ്രാർത്ഥിച്ചു. മണിപ്പൂരിനുവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി. ഡിജിറ്റൽ ലഹരി വിരുദ്ധപോസ്റ്റർ തയ്യാറാക്കി.

**കയ്യുന്നി**

15 നോമ്പ് തുടക്കം. കുട്ടികൾ കഴിയുന്നത്ര പള്ളിയിൽ വരികയും വിശുദ്ധ കുർബാനയിൽ പങ്കുചേരുകയും ചെയ്തു. ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ വൈദീകരെ ആദരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. കുഞ്ഞേട്ടന്റെ പതിനാലാം ചരമവാർഷികം ഇടവകയിൽ ആചരിച്ചു. ഫിയാത്തിനുവേണ്ടി പേപ്പർ കളക്ട് ചെയ്തു.

**ചെറുകാട്ടൂർ**

സൺഡേ സ്കൂൾ കുട്ടികളുടെയും മിഷൻ ലീഗ് അംഗങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടികൾ വിവിധ മത്സരങ്ങളോടെ നടത്തി. നടവയൽ മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന വി. കൊച്ചുത്രേസ്യായുടെ രൂപ പ്രയാണത്തിന് ചെറുകാട്ടൂർ ശാഖ ഭക്തിനിർഭരമായ സ്വീകരണം നല്കി.

മിഷൻ ലീഗിനെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമുള്ളതും, ഒരു മാസം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാലും വിശ്വാസ തീഷ്ണതയ്ക്കും, പുതിയ പ്രവർത്തന ശൈലിക്കും ഒരു കുറവും കൂടാതെ പ്രവർത്തിക്കുന്നതുമായ ഒക്ടോബർ മാസം ഏവർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു. രൂപതാ സാഹിത്യമത്സരം ഭംഗിയായി അവസാനിച്ചു.ഏവർക്കും നന്ദി. ഒക്ടോബർ 24-ാം തീയതി കണിയാരം ഫാ. ജോർജ് കഴിക്കച്ചാലിൽ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് മാനന്തവാടി രൂപത കലോത്സവം നടത്തപ്പെടുന്നു. മത്സരങ്ങൾ ഭംഗിയായി നടക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ആഭ്യർത്ഥിച്ചുകൊണ്ട് ഏവർക്കും നല്ല മിഷൻ മാസം ആശംസിച്ചു കൊണ്ട്.

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

**ചലിക്കുന്ന സക്രാരി**

വി. എവുപ്രാസ്യാമ്മയുടെ തിരുനാളിന് ഒരുക്കമായി 'ചലിക്കുന്ന സക്രാരി' എന്ന പേരിൽ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ യൂട്യൂബ് ചാനലിൽ വി. എവുപ്രാസ്യാമ്മയുടെ മൊഴിമുത്തുകൾ ഉൾപ്പെടുത്തിക്കൊണ്ട് ഷോട്ട് വീഡിയോകൾ നൽകി. ഇതിനു നേതൃത്വം നൽകിയ മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയയ്ക്ക് അഭിനന്ദനങ്ങൾ.

**അവധിക്കാല ക്യാമ്പ്**

ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾക്ക് വേണ്ടി ആഗസ്റ്റ് 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ ആഗസ്റ്റ് 30 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3 മണി വരെ ലൈഫ് ട്രെയിനിംഗ് ക്യാമ്പ് നടത്തി. അഞ്ചു ബാച്ചുകളിലെ 62 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കുചേർന്നു. സി. ഷാന്റി എസ്. കെ. ഡി. നയിച്ച കുമ്പസാര ഒരുക്ക ക്ലാസ്സ്, ആരാധന ഇവയോടെയാണ് നാലുദിന ക്യാമ്പ് ആരംഭിച്ചത്.

ഫിസിക്സ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, മലയാള ഭാഷാപഠനം, ഉപന്യാസ രചന ഇംഗ്ലീഷ്, കെമിസ്ട്രി, ഗണിതം, സയൻസ്, എന്നീ വിഷയങ്ങളിൽ വിജി ബിനോയി മണിമല, ആൽഫി ഇഞ്ചിക്കാലായിൽ, ഷാജി ചന്ദനപ്പറമ്പിൽ, ഷിനോ ചെറുകാട്ടൂർ, ബെനഡിക്ട് മൊളേപ്പറമ്പിൽ, ജെസ്‌ലീ ചെന്നലോട്, സി. അനിത ജോസ് സി.എം.സി എന്നിവർ ക്ലാസ് അടിസ്ഥാനത്തിൽ ക്ലാസുകൾ നയിച്ചു.

ആഗസ്റ്റ് 29 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് വിദ്യാർത്ഥികൾക്കു വേണ്ടി ഓണാഘോഷം സംഘടിപ്പിച്ചു. സീനിയർ ബാച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പൂക്കള മത്സരം ഉൾപ്പെടെ പത്തോളം മത്സരങ്ങൾ നാലു ഗ്രൂപ്പുകളിലായി സംഘടിപ്പിക്കപ്പെട്ടു. മത്സര വിജയികൾക്കും, ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഗ്രൂപ്പുകൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

യൂത്ത് മിനിസ്ട്രി ടീമംഗങ്ങളോടൊപ്പം ആൽഫി ടീച്ചറും, ബെനടിക്ട് സാറും ഓണാഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി.

വലിയൊരു കൂട്ടായ്മയ്ക്കും ഒരുമയ്ക്കും ഈ ആഘോഷ പരിപാടികൾ സഹായകമായി.

വിശുദ്ധ കുർബാനയ്ക്ക് മൂന്നു ദിനങ്ങളിലായി നേതൃത്വം നൽകിയത് ഫാ. പ്രിൻസ് തെക്കേതിൽ, ഫാ. ബിവാൾഡിൻ, ഫാ. ജെയിംസ് കുറ്റിമാക്കൽ എന്നീ വൈദികരാണ്. ഭക്തി നിർഭരമായ വിശുദ്ധ കുർബാനയർപ്പണത്തിലൂടെയും വചന സന്ദേശത്തിലൂടെയും ലൈഫ് വിദ്യാർത്ഥികളെ പ്രബുദ്ധരാക്കിയ വൈദികർക്ക് ഹൃദയംഗമമായ നന്ദി.

ഓഗസ്റ്റ് 30-ാം തീയതി ബുധനാഴ്ച രാവിലെ ഫാ. ജോർജ് മാമ്പിള്ളിൽ, ഫാ. ജെയിംസ് കുളത്തിനാൽ, ഫാ. ജെയിംസ് കുറ്റിമാക്കൽ എന്നിവർ വിദ്യാർഥികളെ കുമ്പസാരിപ്പിച്ചു. ബഹുമാനപ്പെട്ട വൈദികർക്ക് നന്ദി.

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ഓൺലൈനിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളെ ബാച്ചടിസ്ഥാനത്തിൽ കണ്ട് ലൈഫ് ഗോൾ സംബന്ധമായ പരിശീലനം നൽകി. ലൈഫ് ട്രെയിനിങ് കോർഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി അവധിക്കാല ക്യാമ്പിന് നേതൃത്വം നൽകി. സി. ഡീന റോസ് സി.എം.സി, സി. ജിൻസി എവുപ്രാസ്യാ എന്നിവർ വിദ്യാർത്ഥികൾക്ക് വേണ്ടി സ്പിരിചൽ ഷെയറിങ് നടത്തുകയും ക്യാമ്പിൽ സഹായിക്കുകയും ചെയ്തു. സിസ്റ്റേഴ്സിന് ഹൃദയംഗമമായ നന്ദി.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**ലാ-ബിബിയ ബൈബിൾ സ്റ്റഡി ഫോറം**

തിരുവചനത്തിന്റെ ആഴങ്ങളെ തൊട്ടറിയാൻ, തിരുവചനത്തിന്റെ യാഥാർത്ഥ്യങ്ങളെ ഹൃദ്യസ്തമാക്കുവാൻ, കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മതബോധന ഡിപ്പാർട്ട്മെന്റുമായി ചേർന്ന് യുവജനങ്ങൾക്കായി ലാ-ബിബിയ ബൈബിൾ സ്റ്റഡി ഫോറം ക്ലാസ്സുകൾ ആരംഭിച്ചു.

**ആനിമ 2023**

മാനന്തവാടി രൂപതയുടെ യുവജന മുന്നേറ്റത്തിൽ കൂടെയായിരിക്കുന്ന മേഖല-യൂണിറ്റ് ആനിമേറ്റേഴ്സ് ഒരുമിച്ചു ചേരുന്ന സംഗമവേദി ആനിമ 2023, സെപ്റ്റംബർ 1 വെള്ളിയാഴ്ച്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തപ്പെട്ടു. കെ.സി.വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ ബഹു. ഫാ. സാന്റോ അമ്പലത്തറ ക്ലാസ് നയിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത സെക്രട്ടറി ശ്രീ.റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ട്രഷറർ ശ്രീ. ബിബിൻ ജോസ് പിലാപ്പിള്ളിയിൽ, ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, രൂപത സിൻഡിക്കേറ്റ് അംഗം സി. നാൻസി SABS, ഓഫീസ് സെക്രട്ടറി സി. ജിൽസ ടോം SABS എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

**പ്രതിഷേധ സംഗമം**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ തുർച്ചയായി ഉണ്ടാകുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കും പീഢനങ്ങൾക്കുമെതിരെ യുവതികളുടെ നേതൃത്വത്തിൽ യുണിറ്റ് തലങ്ങളിൽ സ്വാതന്ത്ര്യദിനത്തിൽ പ്രതിഷേധ സംഗമങ്ങൾ നടത്തപ്പെട്ടു.

**ആദരവ്**

വയനാടിന് അഭിമാനനേട്ടം സമ്മാനിച്ച, 2023 ലെ ഏറ്റവും മികച്ച കർഷകനുള്ള സംസ്ഥാന കർഷകോത്തമ അവാർഡ് നേടിയ ശിശുമല ഇടവകാംഗം ശ്രീ. കെ. എ റോയിമോൻ, മണ്ണ് സംരക്ഷണ പ്രവർത്തനത്തിൽ മികച്ച കർഷകനുള്ള സംസ്ഥാന ക്ഷോണി സംരക്ഷണ പുരസ്ക്കാരത്തിന് അർഹനായ സീതാമൗണ്ട് ഇടവകാംഗം ശ്രീ. പി. എം. തോമസ് എന്നിവർക്കാണ് ആദരം അർപ്പിച്ചത്. കെ.സി.

വൈ.എം. മാനന്തവാടി രൂപത ഡയറക്ടർ ഫാ.സാന്റോ അമ്പലത്തറ പൊന്നാട അണിയിച്ച് ആദരം അർപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപത ട്രഷറർ ശ്രീ. ബിബിൻ പിലാപ്പള്ളി ഉപഹാരം നൽകി ആദരിച്ചു. കെ.സി.വൈ.എം സംസ്ഥാന സെനറ്റ് അംഗം ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിൽ, മുള്ളൻകൊല്ലി മേഖല ട്രഷറർ ശ്രീ. ഫെബിൻ കാക്കോനാൽ, മേഖല കോർഡിനേറ്റർ ശ്രീ. ലിജോ ഇലഞ്ഞിയിൽ എന്നിവർ സന്നിഹിതരായിരുന്നു.

**അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട RED RIBBON ANTI DRUGS CAMPAIGN ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി, നവീനമായ ചിന്താ ശൈലികളി ലൂടെയും വ്യത്യസ്തതയാർന്ന പ്രതികരണ പാടവത്തിലൂടെയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ഏറ്റവും മികച്ച യൂണിറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ട കെ.സി.വൈ.എം തരിയോട് യൂണിറ്റിന് അഭിനന്ദനങ്ങൾ. ചരിത്രം തിരുത്തി ചന്ദ്രനെ തൊട്ട് ചാന്ദ്രയാൻ 3 ദൗത്യത്തിലൂടെ ലോകത്തിന്റെ നെറുകയിൽ ഭാരത ത്തിന്റെ യശസ്സ് ഉയർത്തിയവർക്ക് ഒരായിരം അഭിനന്ദനങ്ങൾ. ലോക ചെസ്സ് ചാമ്പ്യൻഷിപ്പിൽ രാജ്യത്തിന് അഭിമാനമായി മാറിയ പ്രഗ്നാനന്ദയ്ക്ക് അഭിനന്ദനങ്ങൾ.

**ആദരാഞ്ജലികൾ**

തലപ്പുഴ വാഹനാപകടത്തിൽ മരണമടഞ്ഞ പ്രിയപ്പെട്ടവർക്കും, മാനന്തവാടി കുഴിനിലം ചെക്ക്ഡാമിൽ സുഹൃത്തുക്കൾക്കൊപ്പം കുളിക്കാനിറങ്ങിയതിനിടെ അപകടത്തിൽ പെട്ട് മരിച്ച ഒണ്ടയങ്ങാടി യൂണിറ്റ് അംഗം കൊല്ലംപറമ്പിൽ ഗോഡ്വിനും, ഇരുചക്ര വാഹനാപ കടത്തിൽ പെട്ട് നമ്മിൽ നിന്നും വേർപിരിഞ്ഞ തെനേരി യൂണിറ്റ് അംഗം ഷിജിൻ രാജ് എടയ്ക്കാട്ടിനും കെ.സി.വൈ.എം രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**മേഖലാ വാർത്തകൾ**

**നടവയൽ**

കൽപറ്റയിൽ വച്ച് നടന്ന 29-ാമത് അർദ്ധവാർഷിക സെനറ്റിൽ നടവയൽ മേഖലയിലെ എല്ലാ സെക്രട്ടറിയേറ്റ് മെമ്പേഴ്സും പങ്കെ ടുത്തു. കുമ്പസാരമെന്ന പുണ്യ കൂദാശയിലൂടെ "DIMITTIS 2k23' ഞായറാഴ്ച കുമ്പസാര ദിനമായി ആചരിച്ചു. രൂക്ഷമായിക്കൊണ്ടിരി

ക്കുന്ന തെരുവുനായ ശല്യം മനുഷ്യന്റെ സഞ്ചാര സ്വാതന്ത്ര്യത്തിനു ഭീഷണിയാകുന്ന സാഹചര്യത്തിൽ കെ.സി.വൈ.എം നടവയൽ മേഖലയിലെ യുവജനങ്ങൾ 1000 ൽ പരം ആളുകൾ ചേർന്ന് ഒപ്പിട്ട നിവേദനം ശേഖരിച്ചു. മാതൃരാജ്യത്തിന് വേണ്ടി കാർഗലിൽ വീരമൃത്യു വരിച്ച സൈനിക സഹോദരങ്ങൾക്ക് പ്രണാമങ്ങൾ അർപ്പിച്ചുകൊണ്ട് പോസ്റ്ററുകൾ നിർമ്മിച്ചു. മണിപ്പൂരിൽ കലാപം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യവുമായി, പനമരം ടൗണിൽ പന്തം കൊളുത്തി പ്രതിക്ഷേധ പ്രകടനം നടത്തി. യുവസാഹിത്യ പ്രതിഭകളെ കണ്ടെത്താൻ കെ.സി. വൈ.എം നടവയൽ മേഖല ഒരുക്കിയ പേൾ 2023 സാഹിത്യ മത്സരത്തിൽ നടവയൽ മേഖലയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുമായി 120 ഓളം യുവജനങ്ങൾ പങ്കാളികളായി.

**ബത്തേരി:** ജൂലൈ 2 - മേഖല സെനറ്റ് നടത്തി 27 അംഗങ്ങൾ പങ്കെടുത്തു. മണിപ്പൂർ കലാപത്തിന് എതിരെ പ്രതിഷേധം ഉയർത്തി സ്റ്റാറ്റസ് മാർച്ച് നടത്തി. മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യമായി രൂപത സംഘടിപ്പിച്ച പ്രൊഫൈൽ പിക്ചർ ക്യാമ്പയിനയിൽ പങ്കാളികളായി. പേൾ 2023 മേഖലാ രൂപത സാഹിത്യമത്സരം ഓൺ ലൈനിൽ നടത്തി.

**മാനന്തവാടി:** കെ.സി.വൈ.എം മാനന്തവാടി മേഖല സിൻഡിക്കേറ്റ് ELITE 2K23 ഓൺലൈൻ ആയി സംഘടിപ്പിച്ചു. എല്ലാ യൂണിറ്റുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി സിൻഡിക്കേറ്റ് അംഗങ്ങൾ പങ്കെടുത്തു. മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിൽ യുവജന ദിനത്തോടനുബന്ധിച്ച് വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. നിർമ്മിതി 2k23 എന്ന പേരിൽ സാഹിത്യ ശില്പശാല ഓൺ ലൈനായി സംഘടിപ്പിച്ചു. മേരി മാതാ കോളേജ് പ്രൊഫസർ ഫാ. അജയ് തേക്കിലകാട്ടിൽ ക്ലാസ് എടുത്തു. സാഹിത്യ മത്സരങ്ങൾ ഓൺലൈൻ ആയി നടത്തി. കെ.സി.വൈ.എം മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ കണിയാരം യൂണിറ്റിൽ വച്ച് പ്രവർത്തനമാസം കൊടിയുയർത്തി ഉദ്ഘാടനം ചെയ്തു. മാനന്തവാടി മേഖലയിലെ എല്ലാ യൂണിറ്റ് ഡയറക്ടർ അച്ചന്മാർക്കും വിയാനി ദിനത്തിന്റെ ആശംസകൾ നേർന്നു.

**യുണിറ്റ് വാർത്തകൾ**

**മക്കിയാട്:** മണിപ്പൂർ സംസ്ഥാനത്തെ മക്കൾക്ക് സംരക്ഷണം കിട്ടുന്നതിന് ദിവ്യകാരുണ്യ ആരാധന നടത്തി പ്രാർത്ഥിച്ചു. വിയാനി

ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്ത ഒരു വ്യകതിക്ക് 30,000/രൂപ നൽകി സഹായിച്ചു. പുതിയിടം കുന്നിൽ വച്ച് നടന്ന മേഖല ഓണാഘോഷത്തിൽ 4 അംഗങ്ങൾ പങ്കെടുത്തു.

**കയ്യൂന്നി :-** Aug 4 വിയാനി ദിനത്തിൽ വിയാനി ഭവനം സന്ദർശിച്ചു. ഇടവകാംഗങ്ങളെ ജനങ്ങളെ യൂണിറ്റുകളായി തിരിച്ച് കെ.സി.വൈ.എം ന്റെ നേതൃത്വത്തിൽ ക്വിസ് കോമ്പറ്റീഷൻ നടത്തി. ഫിയാത്ത് മിഷന് കൊടുക്കുന്നതിനായി ഇടവകയിലെ ഭവനങ്ങളിൽ നിന്ന് പേപ്പർ ശേഖരണം നടത്തി. രൂപതയുടെ വൃദ്ധസദനമായ സമരിറ്റൻ ഭവൻ സന്ദർശിച്ച് തുകയും നിത്യോപയോഗ സാധനങ്ങളും നൽകി.

**പാലാങ്കര:-** സ്വാതന്ത്ര്യ ദിനത്തോടെനുബന്ധിച്ച് 'രക്തം നൽകൂ ജീവൻ രക്ഷിക്കൂ' എന്ന മുദ്രാവാക്യം ഉയർത്തിപിടിച്ചു കെ.സി.വൈ.എം പാലാങ്കര യൂണിറ്റും ബി.ഡി.കെ. ഏറനാട് താലൂക്ക് കമ്മിറ്റിയും സംയുക്തമായി എം.വി.ആർ ബ്ലഡ് സെന്ററുമായി സഹകരിച്ച് പാലാങ്കര സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. ഡൊമിനിക്ക് വളകൊടിയിൽ ഉദ്ഘാടനം ചെയ്തു. സന്നദ്ധ രക്തദാന ക്യാമ്പിൽ 97 പേർ പങ്കെടുത്തു. 72 പേർ രക്തം ദാനം ചെയ്തു. കെ.സി.വെ.എം യുണിറ്റ് പ്രസിഡന്റ് നിഖിൽ കാഞ്ഞരത്തും മൂട്ടിൽ, ആനിമേറ്റർ സിസ്റ്റർ ടാൻസി SKD, റിജു ദേവസ്യ ചിറയിൽ, ജിത്തു മാത്യു കട്ടപ്പുറം, ആൻ കാട്ടുപറമ്പിൽ, എലീന വിരുത്തിയിൽ, ജസ്റ്റിൻ തോമസ് കാഞ്ഞിരത്താനം, ജസ്റ്റിൻ ചിറയിൽ, അതുൽ പൂവത്തുമുട്ടിൽ, നവിൻ കാഞ്ഞിരത്താനം, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**നരിവാലമുണ്ട:-** ഓഗസ്റ്റ് 1 ന് പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. ബിജു ഉറുമ്പിൽ പതാക ഉയർത്തി, കെ. സി. വൈ. എം ഭാരവാഹികളും യുവജനങ്ങളും പങ്കെടുത്തു. പരിശുദ്ധ മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി, ഗ്രോട്ടോയിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. സിമിത്തേരി സന്ദർശിക്കുകയും മരിച്ച വിശ്വാസികളുടെ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ പ്രിയ ബഹുമാനപ്പെട്ട വികാരിയച്ചന് സമ്മാനം നൽകുകയും, ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച വൈദികർക്ക് ആശംസകൾ അറിയിക്കുകയും ചെയ്തു. വി. കുർബാനയ്ക്ക് മുൻപുള്ള

ആരാധനയ്ക്ക് കെ.സി.വൈ.എം ഭാരവാഹികൾ നേതൃത്വം കൊടുക്കുകയും, വിശ്വാസ ജീവിതത്തിൽ നിന്ന് അകന്നു നിൽക്കുന്ന യുവജനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. മതബോധന വിദ്യാർത്ഥികൾക്കായി കെ. സി. വൈ. എം സംഘടന നടത്തിയ ക്ലാസിൽ ബഹുമാനപ്പെട്ട വിൻസെന്റ് അച്ചൻ കുട്ടികൾക്ക് ക്ലാസ് നൽകി. ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് പ്രസംഗമൽസരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.

**പുതുശ്ശേരിക്കടവ് യൂണിറ്റ്:-** പ്രസംഗം മത്സരം നടത്തി. ലോകമെമ്പാടും മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും വേണ്ടി മൂന്ന് എത്രയും ദയയുള്ള മാതാവേ ചൊല്ലി പ്രാർത്ഥിച്ചു. കെ.സി.വൈ.എം യുവജനങ്ങൾ കിടപ്പുരോഗികളുടെ ഭവനം സന്ദർശിച്ച് വിശുദ്ധ കുർബാന സ്വീകരിക്കാൻ തക്കവിധം ഭവനം സജ്ജീകരിച്ചു. സഭയെ പീഡിപ്പിക്കുന്ന എല്ലാവരെയും സമർപ്പിച്ച് ഈശോയുടെ തിരുരക്തത്താൽ എല്ലാ പാപികളെയും കഴുകി വിശുദീകരിക്കണമേ എന്ന് പത്തു പ്രാവശ്യം ചൊല്ലി പ്രാർത്ഥിച്ചു. വിശുദ്ധ കുർബാനയെ അവഹേളിക്കുന്ന ലോകമെമ്പാടുമുള്ള എല്ലാ വ്യക്തികളുടെയും മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചു. അൾത്താര ബാലന്മാരുടെ തിരുനാൾ ദിനത്തിൽ ഇടവകയിലെ അൾത്താര ബാലന്മാരെ ആദരിച്ചു. പരിശുദ്ധ മാതാവിന്റെ ചിത്രത്തിന് അടിക്കുറിപ്പ് രചനാ മത്സരം നടത്തി. എല്ലാ കുടുംബങ്ങളെയും സമർപ്പിച്ച് രണ്ട് ആശയടക്കം ചെയ്ത് യുവജനങ്ങൾ പ്രാർത്ഥിച്ചു.

**കൽപ്ര:-** ഓഗസ്റ്റ് 1 പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. 'നമ്മുടെ സെൽഫി' എന്ന പ്രവർത്തനത്തിലൂടെ ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും അവരുടെ വീടുകളിൽ പോയി കാണുകയും ഒരു സെൽഫി എടുത്ത് അവരെ സംഘടനയിലേക്ക് കൂടുതൽ ആകർഷിപ്പിക്കുകയും ചെയ്തു. ഓഗസ്റ്റ് 12 ന് ലഹരിക്കെതിരെ ഒരു ബോധവൽക്കരണ ക്ലാസ് നടത്തി. ഓഗസ്റ്റ് 22 ന് നല്ല നാളേക്കായി ഒരു മരം നടാം എന്ന പ്രവർത്തനത്തിലൂടെ ഇടവകയിലെ മുഴുവൻ യുവജനങ്ങളും ഓരോ മരം നടുകയും ചെയ്തു. കർഷക ദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ ഞാറു നടുകയും കർഷകരിൽ നിന്നും കൂടുതൽ കാര്യങ്ങൾ പഠിക്കുകയും അവരോടൊത്ത് പങ്കുചേരുകയും ചെയ്തു. വേൾഡ് ഫോട്ടോഗ്രാഫി ദിനത്തിൽ ഫോട്ടോഗ്രാഫി കോണ്ടസ്റ്റ് നടത്തുകയും ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു. ഇടവകയിലെ 70 വയസ്സിന് മുകളിലുള്ള മുഴുവൻ

മാതാപിതാക്കളെയും ആദരിച്ചു.
**മൺവയൽ :-** ഓഗസ്റ്റ് 1 പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു പതാക ഉയർത്തി. രോഗീ സന്ദർശനം നടത്തി. ആഗസ്റ്റ് ഇരുപതാം തീയതി മൺവയൽ യൂണിറ്റ് അംഗങ്ങളും വികാരിയച്ചനും കൂടി ജീവൻ രക്ഷാ ഭവൻ സന്ദർശിച്ചു. കെ.സി.വൈ.എം മൺവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ മാട്രിമോണിക്ക് നേതൃത്വം കുറിച്ചു.
**തരിയോട്:-** ഫിയാത്ത് മിഷനോട് ചേർന്ന് ഇടവകയിലെ വീടുകളിൽ നിന്ന് അഞ്ഞൂറിൽ അധികം ബൈബിളുകൾ നിർമ്മിക്കാനായി പഴയ ബൈബിൾ, പുസ്തകങ്ങൾ, പത്രങ്ങൾ മുതലായവ യുവജനങ്ങൾ ശേഖരിച്ചു. ഇടവകയിൽ നടക്കുവാനായി ബുദ്ധിമുട്ട് നേരിടുന്ന 5 വൃദ്ധമാതാപിതാക്കളെ സന്ദർശിച്ച് അവർക്ക് walking stick നൽകി. ഇടവക പരിധിയിൽ വരുന്ന ജനശക്തി ഗ്രന്ഥശാലയോട് ചേർന്ന് ചിത്ര രചന സെമിനാർ നടത്തി.
**തെനേരി:-** യുവജനദിനത്തിൽ ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി സംഘടനയുടെ സഹായത്തോടെ ഒരു ആദിവാസി പെൺകുട്ടിക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനും, താമസിക്കാൻ സൗകര്യവും ഒരുക്കി കൊടുത്തു. ഭാരവാഹികൾ രോഗി സന്ദർശനം നടത്തി, രോഗിക്ക് സാമ്പത്തിക സഹായം കൊടുത്തു.
**തവിഞ്ഞാൽ:-** തവിഞ്ഞാൽ KCYM ന്റെ സഹകരണത്തോടെ മാനന്തവാടി ESAF ബാങ്കും ചേർന്ന് കുറഞ്ഞ നിരക്കിൽ ആധാർ നവീകരണം നടത്തി. 2023 ആഗസ്റ്റ് 13 ന് പൂനെയിൽ വച്ച് നടന്ന നാഷണൽ റോവിങ് ചാമ്പ്യൻഷിപ്പിൽ ആലപ്പുഴ എസ്.ഡി.വി ബോയ്സ് സ്കൂളിൽ നിന്നും കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വെള്ളി മെഡൽ കരസ്ഥമാക്കിയ വയനാട് തവിഞ്ഞാൽ സ്വദേശി റോഷിൻ സെബാസ്റ്റ്യൻ കൈതയ്ക്കലിന് KCYM യൂണിറ്റിന്റെ അഭിനന്ദനങ്ങൾ നേർന്നു. പ്ലസ്ടു കഴിഞ്ഞ യുവജനങ്ങൾക്കായി യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച PSC Awareness ക്ലാസിൽ PSC റാങ്ക് ലിസ്റ്റിൽ ഇടംപിടിച്ച ജിത്തു ജോസഫ് മുഖ്യ പ്രഭാഷണം നടത്തി.
**വലിയകൊല്ലി:-** ഈശോയുടെ രീപാന്തരീകരണ തിരുനാൾ ആഘോഷത്തിന്റെ ഭാഗമായി യൂണിറ്റിലെ യുവജനങ്ങൾ ചേർന്ന് ജാഗരണ പ്രാർത്ഥന സംഘടിപ്പിച്ചു. യുവജനസംഗമം യൂണിറ്റിലെ യുവജനങ്ങളുടെ കൂട്ടായ്മയും സൗഹൃദവും വളർത്തുന്നതിനായി യുവജനസംഗമം സംഘടിപ്പിക്കുകയും പുതിയ അംഗങ്ങൾക്ക്

സ്വാഗതം ആശംസിക്കുകയും ചെയ്തു. വലിയകൊല്ലി ഇടവകയിൽ കെ.സി.വൈ.എം യൂണിറ്റ് ആരംഭിക്കുകയും ശക്തമായ പ്രവർത്തനങ്ങളിലൂടെ യൂണിറ്റിനെ വളർത്തുകയും ചെയ്ത മുൻകാല പ്രവർത്തകരെ ആദരിച്ചു. ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് സമാധാന സന്ദേശവുമായി കെ.സി.വൈ.എം വലിയകൊല്ലി യൂണിറ്റിലെ അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിൽ സമാധാന റാലി സംഘടിപ്പിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് ഇടവകയിലെ നെല്ലിമല കപ്പേള യുവജനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കി.

**ആലാറ്റിൽ:-** ആരവം 2023 യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ യുവജനസംഗമവും ഓണാഘോഷവും നടത്തി.

**തലപ്പുഴ:-** തൊണ്ടിയിലെ മാനസികാരോഗ്യ കേന്ദ്രത്തിലേക്ക് യുവജനങ്ങൾ ചേർന്ന് വിവിധ കുടുംബങ്ങളിൽ നിന്നും ഉപയോഗപ്രദമായ വസ്ത്രങ്ങളും സംഭാവനയും ശേഖരിച്ചു തൊണ്ടിയിലെ മാനസികാരോഗ്യ കേന്ദ്രത്തിനു നൽകി. മാതാവിന്റെ സ്വർഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും തൊണ്ടിയിലെ കൃപാഭവനത്തോടും മരിയ ഭവനത്തോടൊപ്പവും ആഘോഷിച്ചു. യുവജനങ്ങൾ ചേർന്ന് കുടുംബ സന്ദർശനം നടത്തി കൂടുതൽ മക്കൾ ഉള്ള കുടുംബത്തെ ആദരിച്ചു. പഠനോപകരണങ്ങളും മധുരവും നൽകി. മാനസികമായി സംഘർഷത്തിലായിരുന്ന യുവജനങ്ങൾക്ക് കൗൺസലിംഗ് നൽകി.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ദ്വാരക**

ദ്വാരക വിശുദ്ധ അൽഫോൻസാ ഫോറോനാ ഇടവകയിൽ ലഹരി വിരുദ്ധ ദൂത് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. മാത്യു മൂത്തേടത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ സെമിനാറിന് നേതൃത്വം നൽകി, ജ്വാല ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. കെ. സി. ബി.സി മദ്യവിരുദ്ധസമിതിയുടെ യൂണിറ്റിന്റെ രൂപീകരണവും നടന്നു.

**ചുങ്കക്കുന്ന്**

ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫോറോനാ ദൈവാലയത്തിൽ ലഹരി വിരുദ്ധദൂത് സംഘടിപ്പിച്ചു. ഫൊറോന വികാരി ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. സമിതി ഡയറക്ടർ വി. ബലി അർപ്പിച്ച് ക്ലാസിന് നേതൃത്വം നൽകി. കുട്ടികൾക്കായി ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് ആരംഭിച്ചു.

**കാരയ്ക്കാമല**

ഇടവകയിൽ ലഹരി വിരുദ്ധദൂതിന് നേതൃത്വം നൽകി. രൂപത ഡയറക്ടർ വി. ബലി അർപ്പിച്ചു. ലഹരി വിരുദ്ധ സെമിനാർ നടത്തി. കുട്ടികൾക്കായി ജ്വാല ലഹരിവിരുദ്ധ ക്ലബ് രൂപീകരിച്ചു. സമിതിയുടെ യുണിറ്റിന് രൂപം നൽകി. ഇടവക വികാരി ഫാദർ ബെന്നി പനക്കൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു.

**കരിമാനി**

ഇടവകയിൽ രൂപതാ ഡയറക്ടർ വി. ബലി അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റ് വികാരി ഫാ. ലിൻസൺ ചെങ്ങാഴിയാടൻ ഉദ്ഘാടനം ചെയ്തു.

**വഞ്ഞോട്**

ഇടവകയിൽ ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. സുനിൽ തെക്കേപര ലഹരി വിരുദ്ധ ക്ലബ് ഉദ്ഘാടനം ചെയ്തു.

**മക്കിയാട്**

മക്കിയാട് ഇടവകയിൽ വികാരി ഫാ. ആന്റോ ചിറയിൽ പറമ്പിൽ സെമിനാർ ഉത്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ വിശുദ്ധ കുർബാനയ്ക്കും സെമിനാറിനും നേതൃത്വം നൽകി. ജ്വാല ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു. ഇടവകയിൽ ലഹരി വിരുദ്ധ സമിതിയുടെ യൂണിറ്റ് രൂപീകരിച്ചു.

**നവചൈതന്യ AA കൂട്ടായ്മ**

ഒണ്ടയങ്ങാടി ഇടവകയിൽ AA കൂട്ടായ്മ രൂപീകരിച്ചു. വികാരി ഫാ. സജി പുതുക്കുളങ്ങര ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെമിനാറിന് നേതൃത്വം നൽകി.

**ബത്തേരി**

ഡോൺ ബോസ്കോ കോളേജ് MSW വിദ്യാർത്ഥികൾക്കായി അമ്പലവയലിൽ സംഘടിപ്പിച്ച സഹവാസ ക്യാമ്പിൽ രൂപത ഡയറക്ടർ ലഹരി വിരുദ്ധ പരിശീലന സെമിനാർ നയിച്ചു.

**തോമാട്ടുചാൽ**

ഇടവകയിൽ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. ഇടവക വികാരി ഫാ. വിൻസന്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. ബത്തേരി അസംപ്ഷൻ ഡി അഡിക്ഷൻ സെന്റർ ഡയറക്ടർ ഡോക്ടർ സി.എലിസബത്ത് SH സെമിനാറിന് നേതൃത്വം നൽകി..

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപത പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 26, 27, 28, 29 തിയതികളിലും ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 14, 15, 16, 17 തീയതികളിലും, നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ്  11, 12,13, 14 എന്നീ തീയതികളിലും മണിമൂളിയിൽ നവംബർ മാസം 23, 24, 25, 26 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

**മാതൃവേദി**

ഓഗസ്റ്റ് 4 ജോൺ മരിയ വിയാനി ദിനം ഇടവകയിലെ വൈദികരെ അമ്മമാർ ആദരിക്കുകയും വൈദികർക്ക് വേണ്ടി വിശുദ്ധ കുർബാന ചൊല്ലിക്കുകയും ഇടവകകളിലെ വൈദിക സന്യസ്ത ഭവനങ്ങൾസന്ദർശിക്കുകയുംആശംസകൾഅറിയിക്കുകയുംചെയ്തു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് രൂപതയിലെ അമ്മമാർ 15 നോമ്പിലെ ഓരോ ദിവസവും ഓരോ നിയോഗം സമർപ്പിച്ച് ദിവ്യബലിയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. അമ്മമാർക്ക് മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. മാതൃവേദിയുടെ സഹമധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ ദിനമായ ഓഗസ്റ്റ് 27ന് ഇടവക തലത്തിൽ വിവിധ പരിപാടികൾ നടത്തുകയും, വാട്സ്ആപ്പ് സന്ദേശം അയക്കുകയും ചെയ്തു. രൂപതയുടെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് അമ്മമാരിൽ നിന്നും സംഭാവനയായി സമാഹരിച്ച തുക ഉപയോഗിച്ച് 7 ലക്ഷം രൂപ ചെലവിൽ അരിഞ്ചേർമല ഇടവാകാംഗമായ മുണ്ടക്കൽ ടോമിക്ക് ഭവനം നിർമ്മിച്ചു നല്കി. ആഗസ്റ്റ് 26-ാം തിയതി നടത്തിയ പ്രസ്തുത ഭവനത്തിന്റെ വെഞ്ചെരിപ്പ് കർമ്മത്തിൽ രൂപതയിലെ ടീം അംഗങ്ങൾ പങ്കെടുത്തു. രൂപത ഡയറക്ടർ റവ. ഫാ. ബിനു വടക്കേൽ മുഖ്യ കർമികത്വം വഹിച്ചു. വിവിധ നിയോഗങ്ങൾ സമർപ്പിച്ചു ചൊല്ലുന്ന സാന്ത മോനിക്ക പ്രാർത്ഥന, കരുണക്കൊന്ത, തിരുഹൃദയ ജപമാല എന്നിവയിൽ രൂപതയിലെ അമ്മമാർ സജീവമായി പങ്കെടുത്ത് നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ആതുരാലയങ്ങളിലും വൃദ്ധഭവനങ്ങളിലും കഴിയുന്നവർക്ക് വേണ്ടി നടവയൽ

മേഖല ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. ഒക്ടോബർ മാസത്തിൽ മേഖലകൾ ശാഖ സന്ദർശനങ്ങൾ നടത്തുന്നുണ്ട്.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 18 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 25

**മേഖലാ വാർത്തകൾ**

**ദ്വാരക**

15 നോമ്പാചരണം നടത്തി. ഓഗസ്റ്റ് 4 വിയാനി പുണ്യവാളന്റെ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റ് ഡയറക്ടേഴ്സിന് ഗ്രീറ്റിംഗ് കാർഡ്സ് അയച്ചു. മാനന്തവാടി എരുമത്തെരുവു മുതൽ നാലാം മൈൽ വരെ മണിപ്പൂരിലെ സംഘർഷങ്ങളിൽ പ്രതിഷേധിച്ച് മനുഷ്യ ചങ്ങലയിൽ മേഖലയിലെ അമ്മമാർ അണിനിരന്നു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ ദിനത്തിൽ മേഖലയുടെ നേതൃത്വത്തിൽ  കാരക്കാമല സെന്റ് മേരീസ് പള്ളിയിലേക്ക് മരിയൻ തീർത്ഥാടനം സംഘടിപ്പിച്ചു.

**ബത്തേരി**

ജൂലൈ 9 മുതൽ മേഖലയിലെ എല്ലാ ഇടവകകളിലും സ്നേഹ സംഗമം നടത്തി. മേഖല ഡയറക്ടർ ഫാ. ജെയ്സ് പൂതക്കുഴിയുടെ നേതൃത്വത്തിൽ മേഖല ഭാരവാഹികൾ എല്ലാ ഇടവകകളും സന്ദർശിക്കുകയും, ഇടവകയിലെ അമ്മമാരെ പങ്കെടുപ്പിച്ചുകൊണ്ട് വിശുദ്ധ കുർബാനയും, സെമിനാറും, സ്നേഹവിരുന്നും സംഘടിപ്പിക്കുകയും ചെയ്തു. സ്നേഹ സംഗമത്തിന്റെ സമാപനം വി. മോണിക്കാ പുണ്യവതിയുടെ തിരുനാൾ ആഘോഷത്തോടൊപ്പം ചിത്രഗിരി ഇടവകയിൽ വച്ച് നടത്തുകയും ചെയ്തു.

**ശാഖാ വാർത്തകൾ**

**തേൾപാറ**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു. അമ്മമാരുടെ സംഗമം നടത്തി. രൂപത നിർദ്ദേശിച്ച പ്രകാരം ക്വിസ് മത്സരം നടത്തി.

**ചുള്ളിയാന**

മണിപൂർ സംഘർഷങ്ങളിൽ പ്രതിക്ഷേധം രേഖപ്പെടുത്തിക്കൊണ്ട് തീർത്ത മനുഷ്യച്ചങ്ങലയിൽ പങ്കെടുത്തു. ദ്വാരക മേഖല നടത്തിയ മരിയൻ തീർത്ഥാടനത്തിൽ പങ്കെടുത്തു. വാഴവറ്റ 'ജ്യോതി നിവാസ്' അഗതിമന്ദിരം സന്ദർശിച്ചു. വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ ദിനം ദിവ്യകാരുണ്യ ദിനമായി ആചരിച്ചു.

**ബോസ്പാറ**

സെമിനാരി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി. ലോഗോസ് പരീക്ഷയ്ക്ക് കൂടുതൽ അമ്മമാരെ പങ്കെടുപ്പിച്ചു. ദുക്റാന തിരുനാളിന് കലാപരിപാടികൾ അവതരിപ്പിച്ചു.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് യോഗം കൂടി. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. ഒരു കുടുംബത്തിന് ഭക്ഷണകിറ്റ് നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമാനി**

15 നോമ്പ്, വി. വിയാനിയുടെ തിരുനാൾ ദിനം എന്നിവ ആചരിച്ചു. മണിപ്പൂർ സമാധാനത്തിനു വേണ്ടി കുടുംബത്തിലെ എല്ലാവരും മെഴുകുതിരി കത്തിച്ച് കൈകളിലേന്തി. രോഗീ സന്ദർശനം നടത്തി. പോരൂർ സ്നേഹാലയം സന്ദർശിച്ചു.

**ബത്തേരി അസംപ്ഷൻ**

15 നോമ്പ്, വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ, വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു. കൈയ്യെഴുത്ത് മാസികയുടെ പ്രകാശനം നടത്തി. രോഗികൾക്കു വേണ്ടി പ്രാർത്ഥിച്ചു, സംഭാവന നൽകി.

**പുതിയിടംകുന്ന്**

വേളാങ്കണ്ണി മാതാവിന്റെ കപ്പേളയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി. ഒരു കുടുംബത്തിന് 2000 രൂപയുടെ ഭക്ഷണ കിറ്റ് നൽകി. ഭവന നിർമ്മാണത്തിന് ഒരു കുടുംബത്തിന് സഹായമായി 38000/- രൂപ നൽകി. മണിപ്പൂർ പ്രശ്നത്തിനെതിരെ നടത്തിയ മനുഷ്യ ചങ്ങലയിൽ പങ്ക് ചേർന്നു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മദ്യപാനികൾക്ക് വേണ്ടി കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.രോഗി സന്ദർശനം നടത്തി. മൂന്ന് കുടുംബങ്ങളെ ധ്യാനത്തിന് പറഞ്ഞുവിട്ടു. സാമ്പത്തിക സഹായം നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കൽപ്ര**

70 വയസ്സിന് മുകളിലുള്ള എല്ലാ വൃദ്ധ മാതാപിതാക്കളെയും ആദരിച്ച് സമ്മാനം നൽകി. ഓണാഘോഷത്തോടനുബന്ധിച്ചുള്ള കായിക മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടി.

**കൊട്ടിയൂർ**

MSC മാത്തമാറ്റിക്സിൽ 2-ാം റാങ്ക് നേടിയ അഞ്ജന ബാബുവിനെ സമ്മാനങ്ങൾ നല്കി ആദരിച്ചു. വൈദിക വിദ്യാർത്ഥികൾക്കുള്ള പഠന സഹായം മേഖലയെ ഏല്പിച്ചു. സെമിനാർ, രോഗീ സന്ദർശനം എന്നിവ നടത്തി.

**പനംഞ്ചിറ**

അമ്മമാർക്ക് സെമിനാർ നടത്തി. വി മോനിക്കയുടെ തിരുനാൾ ദിനം യുവജനങ്ങൾക്കു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി. അവർക്കു വേണ്ടി പ്രാർത്ഥിച്ചു.

**വൈത്തിരി**

മാർഗരേഖ മേഖലയ്ക്ക് നൽകി. ഡോക്ടറോട് ചോദിക്കാം പരിപാടിയിൽ ആനിമേറ്റർ സി. ഡെയ്സി വർഗീസ്, ട്രഷറർ ഷിജി മണവാളൻ ഗവൺമെൻറ് താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് ഡോക്ടർ ഷെറിൻ എന്നിവർ മാറ്റൊലിയിൽ പങ്കെടുത്തു. മരിയൻ ഗാന മത്സരത്തിൽ എയ്ഞ്ചൽ വെട്ടിക്കാടിന്റെ വീഡിയോ മേഖലയ്ക്ക് നൽകി. ഹോസ്പിറ്റൽ ഫുഡ് നൽകി. ഓണാഘോഷം നടത്തി.

**മരകാവ്**

ബിഷപ്പ് ഹൗസ്, സെമിനാരി, ഇടവക മുൻ വികാരി, വിയാനി ഭവൻ എന്നിവ സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. സെമിനാരി വിദ്യാർത്ഥികൾക്കുള്ള ഫണ്ട് നൽകി. സോപ്പ് പൊടി, ലോഷൻ, ഫിനോയിൽ എന്നിവ നിർമ്മിച്ച് വില്പന നടത്തി. മേഖലയ്ക്ക് ഓണകിറ്റ് വിഹിതം നൽകി. മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കുന്നതിനായി സഹായിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പാടിച്ചിറ**

മണിപ്പൂർ സമാധാനത്തിനു വേണ്ടി പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. രോഗി സഹായമായി 2000/- രൂപ നൽകി.

**അമരക്കുനി**

രോഗി സന്ദർശനം നടത്തി. വി. ജോൺ മരിയ വിയ്യാനിയുടെ തിരുനാൾ ദിനം ആചരിച്ചു. ഓഗസ്റ്റ് 15-നു അമ്മമാരുടെ നേതൃത്വത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**തോമാട്ടുചാൽ**

സ്നേഹക്കൂട്ടയ്മ മേഖലയിൽ നടത്തി. മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് സഹായിച്ചു. മാനന്തവാടി സമരിറ്റൻ ഭവൻ, ചുള്ളിയോട് മേഴ്സി ഹോം എന്നി

വിടങ്ങളിൽ സന്ദർശനം നടത്തി. ധന സഹായമായി 7000/- രൂപ നല്കി. എക്സിക്യൂട്ടീവ് കൂടി.

**പാലാങ്കര**

KCYM പാലാങ്കരയും കോഴിക്കോട് MVR ക്യാൻസർ സെന്ററുമായി ചേർന്ന് നടത്തിയ രക്തദാന ക്യാമ്പിൽ നിരവധി അമ്മമാർ രക്തം ദാനം നൽകി. ഓണഘോഷം നടത്തി.

**വാകേരി**

ഇടവകയിൽ അമ്മയുടെ പങ്ക് എന്ന ചിന്തയുമായി ആക്രി സാധനങ്ങൾ ശേഖരിച്ചു. വി.മോനിക്കായുടെ തിരുനാൾ ആചരിച്ചു. മേഖലാ സ്നേഹ സംഗമത്തിൽ 119 പേർ പങ്കെടുത്തു.

**സീതാമൗണ്ട്**

ചെയിൻ റോസറിയിൽ പങ്കെടുത്തു. വിയാനി ഭവൻ സന്ദർശനം നടത്തി. സെമിനാരി വിദ്യാർത്ഥികളെ സന്ദർശിച്ചു. സംഭാവനയായി 5000/ രൂപ നൽകി. നവോമി സംഗമം നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. Rs.15280/- പള്ളി പണിക്ക് സംഭാവനയായി നൽകി. കണ്ണോത്തുമല ജീപ്പപകടത്തിൽ മരിച്ച 9 പേരുടെ മൃതശരീരങ്ങൾ പൊതുദർശനത്തിന് വെച്ചപ്പോൾ മാതൃവേദി പ്രവർത്തകർ സന്ദർശിച്ചു.

**പ്രശാന്തിഗിരി**

കുടുംബത്തോടൊപ്പം തിരി കത്തിച്ച് മണിപ്പൂരിനു വേണ്ടി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് യോഗം കൂടി.

**മക്കിയാട്**

മേഖലാ ഓണാഘോഷ മത്സരങ്ങളിൽ പങ്കെടുത്തു. ഓണപ്പാട്ട് മത്സരത്തിന് രണ്ടാം സ്ഥാനം ലഭിച്ചു. ഭവന സന്ദർശനം നടത്തി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു.

**കബനിഗിരി**

മണിപ്പൂർ ജനതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ഇടവകയിൽ സേവനമനുഷ്ഠിച്ച എല്ലാ വൈദികരുടെയും ഫോട്ടോ ഉൾപ്പെടുത്തി വീഡിയോ നിർമ്മിച്ചു. രണ്ടു കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി.

**പയ്യമ്പള്ളി**

വി.ജോൺ മരിയ വിയാനി തിരുനാൾ, സ്വാതന്ത്ര്യ ദിനം, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, വി. മോനിക്ക പുണ്യവതി

യുടെ തിരുനാൾ എന്നിവ ആചരിച്ചു. വിശുദ്ധ മോനിക്ക പുണ്യവതിയെ പരിചയപ്പെടുത്തൽ നടത്തി.

**അപ്പപ്പാറ**

മോനിക്ക പുണ്യവതിയുടെ തിരുനാളിന് കാഴ്ച സമർപ്പണം നടത്തി.ദേവാലയത്തിൽ വന്ന എല്ലാവർക്കും ജപമാല സമ്മാനമായി നൽകി. ഗ്രോട്ടോയിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പോരൂർ**

വി. ജോൺ മരിയ വിയാനി തിരുനാൾ, സ്വാതന്ത്ര്യ ദിനം, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ, വി.മോനിക്ക പുണ്യവതിയുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കയ്യുന്നി**

ആദ്യ വെള്ളി ആചരണം, എക്സിക്യൂട്ടീവ് മീറ്റിംഗ് എന്നിവ നടത്തി. അന്താരാഷ്ട്ര യുവജന ദിനം, കർഷക ദിനം എന്നിവ ആചരിച്ചു. ഡ്രൈ ഡേ പ്രമാണിച്ച് പള്ളിയും പരിസരങ്ങളും വൃത്തിയാക്കി.

**ഇരുളം**

മണിപ്പൂരിനു വേണ്ടി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. ഭവന സന്ദർശനം നടത്തി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റ് നല്കി. 3 കുടുംബങ്ങൾക്കായി 7500/- രൂപ സാമ്പത്തിക സഹായം നൽകി. രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**അമ്പലവയൽ**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈദികരുടെ മാതാക്കളെ ആദരിച്ചു. സ്നേഹസംഗമം നടത്തി. സ്നേഹവിരുന്ന് നൽകി.

**വാളേരി**

സെമിനാർ നടത്തി. മേഖല ഓണപ്പാട്ട് മത്സരത്തിൽ പങ്കെടുത്തു. മണിപ്പൂരിന് വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. ചെയിൻ റോസറി, സാന്തമോനിക്ക, വചന കവചം നടത്തി, രോഗി സന്ദർശനം എന്നിവ നടത്തി.

**കേളകം**

അഗതി മന്ദിരത്തിൽ പൊതിച്ചോറുകൾ നല്കി. അംഗത്വ നവീകരണം നടത്തി. വി.മോനിക്ക പുണ്യവതിയുടെ തിരുനാൾ ആചരിച്ചു.

**വഞ്ഞോട്**

മേഖലാതലത്തിൽ നടന്ന ഓണപ്പാട്ട്, തിരുവാതിര മൽസരത്തിൽ പങ്കെടുത്തു. ഓണാഘോഷത്തിൽ പങ്കുചേർന്നു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു. എക്സിക്യുട്ടീവ് കൂടി.

**കരിമ്പിൽ**

മേഖലാ ഓണപ്പാട്ട് മത്സരത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വചനം ചൊല്ലി പ്രാർത്ഥിച്ചു. രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി .

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗി സന്ദർശനം നടത്തി.1500 രൂപ സഹായം നൽകി. ഫൊറോന മതാധ്യാപക സംഗമത്തിന് ഉച്ചഭക്ഷണം തയ്യാറാക്കി ഫണ്ട് ശേഖരിച്ചു. ചോക്കാട് അഗതിമന്ദിരം സന്ദർശിച്ചു. ഭക്ഷണം, സാമ്പത്തിക സഹായം എന്നിവ നല്കി. മേഖലാ മീറ്റിംഗിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**കുഞ്ഞോം**

ജനറൽ ബോഡി, സെമിനാർ എന്നിവ നടത്തി. സാന്ത മോനിക്കാ മധ്യസ്ഥ പ്രാർത്ഥന, വചനകവചം എന്നിവയിൽ പങ്കുചേർന്നു. കല്ലോടി മേഖല തിരുവാതിര മത്സരത്തിൽ രണ്ടാം സ്ഥാനം കുഞ്ഞോം നേടി.

**മഞ്ഞൂറ**

15 നോമ്പ് ആചരിച്ചു. വിദ്യാഭ്യാസ സഹായമായി 3000/- രൂപയും ഭവന നിർമ്മാണ സഹായമായി 2000/- രൂപയും നൽകി. രോഗി സന്ദർശനം നടത്തി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം നടത്തി. മരിയൻ ക്വിസ് നടത്തി വിജയികളെ കണ്ടെത്തി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനവും ആചരിച്ചു.

**പുതുശ്ശേരിക്കടവ്**

വിയാനി ദിനത്തിൽ വൈദികർക്ക് ആശംസകൾ അറിയിച്ചു. സ്വാതന്ത്ര്യദിനത്തിൽ ഉപന്യാസം മത്സരം നടത്തി. കുടുംബത്തിന് ഓണക്കിറ്റ് നൽകി. രോഗിസന്ദർശനം നടത്തി. അക്രൈസ്തവ സഹോദരന് സാമ്പത്തിക സഹായം നൽകി .

**മാർട്ടിൻ നഗർ**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വിയാനി ഭവൻ സന്ദർശിച്ചു. ഒരു കുടുംബത്തിന് ഓണകിറ്റ് നൽകി. കോളനിയിലെ കുട്ടികൾക്ക് വസ്ത്രം ശേഖരിച്ച് നൽകി.

**മരക്കടവ്**

വിയാനി ഭവൻ സന്ദർശിച്ചു. രൂപതയുടെ മൈനർ സെമിനാരിയിൽ വൈദികരെയും വൈദിക വിദ്യാർഥികളെയും സന്ദർശിച്ചു. രണ്ട് പാവപ്പെട്ട കുടുംബങ്ങൾക്ക് ഓണകിറ്റും ഓണക്കോടിയും നൽകി.

**തലഞ്ഞി**

ഇടവകയിലെ മുതിർന്ന മാതാപിതാക്കളെ ആദരിച്ചു. മാതൃവേദിയുടെ ചാരിറ്റി പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ഭാഗ്യക്കുറി സംഭാവന കൂപ്പൺ വിതരണം ചെയ്തു.

**യവനാർകുളം**

പള്ളിയും പരിസരവും, സെമിത്തേരിയും പൂന്തോട്ടവും വൃത്തിയാക്കി. മണിപ്പൂരിനു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**നടവയൽ**

വിയാനി ഭവൻ സന്ദർശിച്ച് ആശംസകൾ അറിയിച്ചു. പള്ളിയും പരിസരവും നിലവിളക്കുകളും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി, രോഗി സഹായമായി 5000 രൂപ നൽകി. ജനറൽ ബോഡി യോഗം കൂടി. സെമിനാർ, മരിയൻ കിസ്സ്, മരിയൻ ഗാനമത്സരം എന്നിവ നടത്തി. സെമിനാരി സംഭാവനയായി 8000/- രൂപ മേഖലയിൽ ഏൽപ്പിച്ചു.

**പുതിയിടം**

രോഗിസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ ഉപന്യാസ മത്സരത്തിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം നേടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**കുറുമണി**

ദേശഭക്തി ഗാന മത്സരം നടത്തി. പാച്ചർ വിതരണം നടത്തി. വി. എവുപ്രാസിയമ്മയുടെ തിരുനാൾ ആചരിച്ചു.

**ദ്വാരക**

മാതാവിനെക്കുറിച്ച് കവിത മത്സരം നടത്തി. 2023- മികച്ച കർഷകർക്കുള്ള അവാർഡ് നൽകി. മൂന്നു കുടുംബങ്ങളെ ആദരിച്ചു. വിശുദ്ധ മോനിക്കയെ കുറിച്ച് വീഡിയോ പ്രസംഗം നടത്തി.

മേഖല നടത്തിയ ഏഴര പള്ളികൾ ലഘു വിവരണത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. മരിയൻ തീർത്ഥാടനം അസംപ്ഷൻ പള്ളിയിലേക്ക് നടത്തി.

**വടപുറം**

ആതുരാലയങ്ങളിൽ ഉള്ളവർക്കായി ചെയിൻ റോസറി ചൊല്ലി. കർഷക ദിനത്തിൽ ജോയി കളത്തിനാനിക്കൽ അന്നമ്മ ചെമ്പകശ്ശേരി എന്നിവരെ ആദരിച്ചു. ഏലീശ സന്ദർശനം നടത്തി. മേഖലാ എക്സിക്യൂട്ടിവ് വടപുറത്ത് വച്ചു നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 5000 രൂപയും, വൈദ്യ വിദ്യാർത്ഥി സംഭാവനയായി 5000 രൂപയും നൽകി. മദ്യവർജന ക്ലാസിൽ പങ്കെടുത്തു കമ്മിറ്റി രൂപീകരണത്തിൽ പങ്കാളികളായി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ സെപ്റ്റംബർ 1 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രുഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു. സെപ്റ്റംബർ 2 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രുഷക്കും, ബ്രദർ ജോസ് മളോല സ്തുതി ആരാധനക്കും, ബഹു. സി. സ്മിത CMC, സി. ആൻസി, സി. നവ്യ SH എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

സെപ്റ്റംബർ 9ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 01.00 മണിവരെ സ്പിരിചൽ ഷെയറിംഗ് നടത്തി. സെപ്റ്റംബർ 22 ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 12 വരെ സിയോൻ ചാപ്പലിൽ ജാഗരണ പ്രർത്ഥന നടത്തി.

മീഡിയ കമ്മീഷൻ യൂട്യൂബ് ചാനലിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

NB. ഒക്ടോബർ മാസത്തെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം 19 വ്യാഴം 4 മണി മുതൽ 22 ഞായർ 1 മണി വരെ ആയിരിക്കും.

For booking : 9544606936, 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. ദൈവം നമുക്ക് തന്ന എല്ലാ നന്മകൾക്കും നന്ദി അർപ്പിക്കാം. നമ്മുടെ സന്തോഷത്തിലും, സന്താപത്തിലും ദൈവം നമ്മോട് ചേർന്നു നില്ക്കുന്നുണ്ട്, പക്ഷെ പലപ്പോഴും അത് തിരിച്ചറിയുന്നതിൽ നാം പരാജയപ്പെടുന്നു. ദൈവത്തോട് ചേർന്ന് നില്ക്കുക, അവിടുന്ന് നിങ്ങളോടും ചേർന്ന് നില്ക്കും (യാക്കോബ്4.8). ദൈവസ്നേഹം അനുഭവിച്ചറിയുവാൻ നമ്മുടെ മനസ്സുകളെ ഒരുക്കണം. നമുക്ക് ലഭിക്കുന്ന ദൈവസ്നേഹം മറ്റുള്ളവർക്ക് പകർന്നു നല്കാൻ നമുക്കാവണം. നമ്മുടെ വാക്കുകൾ, പ്രവർത്തികൾ ദൈവകാരുണ്യത്തിന്റെ പ്രതിഫലനമായി മറ്റുള്ളവർക്ക് അനുഭവപ്പെടണം. ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നത് കൊടുക്കുവിൻ (റോമ13.7)പാവപ്പെട്ടവർക്കായി നമ്മുടെ സമയവും സമ്പത്തും പങ്കുവയ്ക്കുകയെന്നത് ഓരോ വിൻസെൻഷ്യന്റെയും കടമയാണ്. ഇതിന് വചനാധിഷ്ഠിതമായ ജീവിതം നാം നയിക്കണം. ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ (കൊളോ 3.16). കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുവെന്നതിന്റെ തെളിവാണ് കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കുന്നത്.

**എ. സി. നേതൃസംഗമങ്ങൾ**

കൊട്ടിയൂർ എ. സി. നേതൃസംഗമം ഓഗസ്റ്റ് 31ന് അമ്പായത്തോട് സെന്റ് ജോർജ്ജ് പള്ളി ഹാളിൽ നടന്നു. വിവിധ കോൺഫ്രൻസ് ഭാരവാഹികളായ 50പേർ സംഗമത്തിൽ പങ്കെടുത്തു. ജപമാലയോടെ ആരംഭിച്ച സംഗമത്തിൽ എ.സി. ട്രഷറർ ബ്രദർ മത്തായിക്കുഞ്ഞ് വേങ്ങപ്പറമ്പിൽ പ്രാരംഭ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. സിസ്റ്റർ ചിന്നമ്മ മഠത്തിത്താഴത്ത് വചനം പങ്കുവച്ചു. എ.സി. സെക്രട്ടറി ബ്രദർ ജോണി പൂത്തറ സ്വാഗതം ആശംസിച്ചു. എ. സി. പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴി അധ്യക്ഷത വഹിച്ചു.അമ്പായ ത്തോട് പള്ളി വികാരി റവ. ഫാ. കുര്യൻ വാഴയിൽ അനുഗ്രഹപ്രഭാ ഷണം നടത്തി. മാനന്തവാടി സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്ത് ക്ലാസുകൾ നയിച്ചു. സി.സി.

സഹരക്ഷാധികാരിമാരായ ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, ബ്രദർ ജിൽസ് എം.മേക്കൽ, ജോസുകുട്ടി ചാത്തമല, സിസി വനിത പ്രതിനിധി, സിസ്റ്റർ പ്രിയ ഷൈജൻ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. അമ്പായത്തോട് കോൺഫ്രൻസ് ട്രഷറർ ബ്രദർ ജോയ് മാളിയേക്കൽ നന്ദി അർപ്പിച്ചു. സമാപനപ്രാർത്ഥനയോടെ സംഗമം സമാപിച്ചു. കക്കയങ്ങാട് വിശുദ്ധ യൂദാ തദേവൂസിന്റെ നാമധേയത്തിലുള്ള ഗ്രോട്ടോ നശിപ്പിച്ചതിൽ പ്രതിഷേധിച്ച് പ്രാർത്ഥന സംഗമവും നടത്തി.

**നടവയൽ**

എ.സി. സംഗമവും തെരഞ്ഞെടുപ്പും നടവയൽ ഹോളീക്രോസ് ദൈവാലയ ഹാളിൽ നടന്നു. പ്രാരംഭപ്രാർത്ഥനോടെ ആരംഭിച്ച യോഗത്തിൽ എ.സി. പ്രസിഡന്റ് ബ്രദർ സണ്ണി ആലഞ്ചേരി അധ്യക്ഷത വഹിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. സി. സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. ജോജൊ കുടക്കച്ചിറ ക്ലാസ് നയിച്ചു. നടവയൽ ഫൊറോന വികാരി റവ. ഫാ. ഗർവാസീസ് മറ്റം അനുഗ്രഹപ്രഭാഷണം നടത്തി. എ.സി. വൈസ്പ്രസിഡന്റ് ബ്രദർ ജോർജ്ജ് പറമ്പിൽ സ്വാഗതവും, എ.സി. സെക്രട്ടറി സിസ്റ്റർ നിഷ റിജു പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. അംഗങ്ങളുടെ സത്യപ്രതിജ്ഞ പുതുക്കലിന് റവ. ഫാ. ജോജൊ കുടക്കച്ചിറ നേതൃത്വം നല്കി. എ.സി.യുടെ പുതിയ പ്രസിഡന്റായി ബ്രദർ ജോസഫ് (ബേബി)കുളത്തിങ്കലിനെ യോഗം ഐക്യകണ്ഠേന തെരഞ്ഞെടുത്തു. (ഫോൺ: 9847623133)

**കല്ലോടി**

എ.സി. സംഗമവും, സുവർണ്ണജൂബിലി ഉദ്ഘാടനവും നടത്തി. ആഘോഷങ്ങളുടെ ആരംഭമായി നടന്ന ദിവ്യബലി അർപ്പണത്തിൽ കല്ലോടി പള്ളി സഹവികാരി റവ. ഫാദർ അഖിൽ ഉപ്പുവീട്ടിൽ കാർമ്മികത്വംവഹിച്ചു. പള്ളി ഹാളിൽ നടന്ന സംഗമവും ഒരു വർഷം നീണ്ടുനില്ക്കുന്ന ജൂബിലി ആഘോഷവും സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം ഉദ്ഘാടനം ചെയ്തു. എ.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. സജി കോട്ടായിൽ അധ്യക്ഷത വഹിച്ച് സന്ദേശം നല്കി. മുൻ സി. സി. പ്രസിഡന്റ് ബ്രദർ പി.യു.ജോൺ കോൺഫ്രൻസിന്റെ കഴിഞ്ഞ 50 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ സി. യു. ചാക്കോ, ബ്രദർ കെ.ജെ. ജോണി, ബ്രദർ ബാബു തോമസ്, എ.സി. പ്രസിഡൻറ്

ബ്രദർ മാത്യു പുതുപ്പറമ്പിൽ, ബ്രദർ കെ. എ. ആന്റണി, സിസ്റ്റർ മേരി ചെറുപ്ലാവിൽ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

**ഓസാനംഭവൻ**

ദൈവകൃപയാൽ നമ്മുടെ ഓസാനംഭവന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടുപോകുന്നു. കോൺഫ്രൻസുകളുടെ സന്ദർശനം നടന്നുവരുന്നു. കുറച്ച് സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിലും കരുണാമയനായ ദൈവം നമ്മെ കാത്തുപരിപാലിക്കുന്നു. ഓസാനംഭവനെ സഹായിക്കുവാൻ എല്ലാവരും പരമാവധി ശ്രമിക്കണമേ. കോൺഫ്രൻസുകളുടെ സന്ദർശനം ഉറപ്പാക്കുവാൻ എല്ലാ കോൺഫ്രൻസ്, എ.സി, സി. സി. ഭാരവാഹികളും പ്രത്യേകം ശ്രദ്ധിക്കണമേ.

എല്ലാവർക്കും നന്മ വരണമേ എന്ന പ്രാർത്ഥനയോടെ,

സ്നേഹപൂർവം,

**റവ. ഫാ. ജോജോ കുടക്കച്ചിറ**

(സി. സി. ആത്മീയ ഉപദേഷ്ടാവ്)

**ബ്രദർ ബാബു നമ്പുടാകം**

(സി. സി. പ്രസിഡന്റ്)

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.**

മാനന്തവാടി രൂപതയുടെ ഔദ്യോഗിക സാമൂഹ്യ വികസന പ്രസ്ഥാനമായ വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റിയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. വയനാട് സേഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം മാനന്തവാടി രൂപതാ അദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം നിർവ്വഹിച്ചു. ജൂബിലി വർഷത്തിൽ 200 കർഷകർക്ക് ഇറ്റാലിയൻ ബിഷപ്സ് കോൺഫറൻസിന്റെ സാമ്പത്തിക സഹായത്തോടെ നൽകുന്ന കറവ പശുക്കളുടെ വിതരണ ഉദ്ഘാടനം ബിഷപ്പ് നിർവ്വഹിച്ചു. മാനന്തവാടി രൂപതാ വികാരി ജനറൽ മോൺ.പോൾ മുണ്ടോളിക്കൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആരംഭകാല ഡയറക്ടർമാരിൽ ഒരാളായ ബഹു. ജോസഫ് ചിറ്റൂർ അച്ചനെ വികാരി ജനറാൾ മോൺസിഞ്ഞോർ പോൾ മുണ്ടോളിക്കൽ ആദരിച്ചു. ജൂബിലി എംബ്ലം കണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രൽ വികാരി റവ.ഫാ. സോണി വാഴക്കാട്ട് അനാവരണം ചെയ്തു. ജൂബിലി വർഷത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി നൽകുന്ന പഠനോപകരണങ്ങളുടെ വിതരണ ഉദ്ഘാടനം ബയോവിൻ മാനേജിങ് ഡയറക്ടർ റവ. ഫാ.ജോൺ ചൂരപ്പുഴയിൽ നിർവ്വഹിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, റേഡിയോ മാറ്റൊലി ഡയറക്ടർ റവ.ഫാ. ബിജോ കറുകപ്പള്ളിൽ, നീലഗിരി ഡവലപ്പ്മെന്റ് സൊസൈറ്റി ഡയറക്ടർ റവ.ഫാ. ബിനോയി കാശാംകുറ്റിയിൽ, ബയോവിൻ അഗ്രോ റിസേർച്ച് അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ. ബിനു പൈനുങ്കൽ, മാനന്തവാടി രൂപത കെ.എൽ. എം ഡയറക്ടർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, മാനന്തവാടി മുൻസിപ്പാലിറ്റി കൗൺസിലർ ശ്രീമതി സ്മിത സജി, സോഷ്യൽ സർവ്വീസ് സൊസൈറ്റി ചുങ്കക്കുന്ന് യൂണിറ്റ് പ്രസിഡണ്ട് ജോൺ

മഞ്ചുവള്ളി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 50 ഇന പരിപാടികൾ നടത്തുന്നതാണ്.

**ജില്ലയിൽ ജലശ്രീ ക്ലബുകളുടെ പ്രവർത്തനം സജീവമാക്കണം: ഷംസാദ് മരക്കാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

ഇന്ന് വയനാട് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് ജലക്ഷാമമെന്നും ജലത്തെ സംരക്ഷിക്കുന്ന ഒരു വലിയ സംസ്ക്കാരം കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കണമെന്നും വയനാട് ജില്ലാ പ്രസിഡണ്ട് ശ്രീ. ഷംസാദ് മരക്കാർ അഭിപ്രായപ്പെട്ടു. കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി കണ്ണൂർ മേഖല പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജില്ലയിലെ ജലശ്രീ ക്ലബുകൾക്ക് വേണ്ടി നടത്തിയ ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജല സംരക്ഷണം സ്കൂൾ തലത്തിൽ തന്നെ ഒരു മുഖ്യ വിഷയമായിതീരണമെന്നും സ്കൂൾ തലത്തിൽ രൂപീകൃതമാകുന്ന ജലശ്രീ ക്ലബുകളിലൂടെ ഇത് സാധ്യമാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ശില്പശാലയിൽ ജലനിധി ആർ.പി.എം.യു കണ്ണൂർ യൂണിറ്റ് IEC സ്പെഷ്യലിസ്റ്റ് എ.യോഹന്നാൻ അദ്ധ്യക്ഷത വഹിച്ചു. ചടങ്ങിൽ സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ. രമേശൻ ഏഴോക്കാരൻ സാറിനെ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ഷംസാദ് മരക്കാർ ആദരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ എന്നിവർ സംസാരിച്ചു. തുടർന്ന് ജലശ്രീ ക്ലബുകളുടെ പ്രസക്തി എന്ന വിഷയത്തിൽ നടന്ന സെമിനാറിന് കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി ഡെപ്യൂട്ടി ഡയറക്ടർ ജോണി പി. കെ നേതൃത്വം നൽകി. തുടർന്ന് ഷോർട് ഫിലിം നിർമ്മാണം ആൻഡ് എഡിറ്റിംഗ് എന്ന വിഷയത്തിൽ നടന്ന സെമിനാറിന് പ്രമുഖ ആക്ടറും ഫിലിം ഡയറക്ടറുമായ വിജു വർമ്മ നേതൃത്വം നൽകി. ശിൽപ്പശാലയിൽ വയനാട് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 വിദ്യാലയങ്ങളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. ശില്പശാലയുടെ തുടർച്ചയായി ജലസംരക്ഷണവുമായി

ബന്ധപ്പെട്ട് സ്കൂൾ അടിസ്ഥാനമാക്കി മത്സരങ്ങൾ നടത്തുവാനും വിജയികൾക്ക് സമ്മാനങ്ങൾ നൽകുവാനും തീരുമാനിച്ചു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2023-2025 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി. എസ്. സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9482674486, 9048229177 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

സോഷ്യൽ വെൽഫയർ സൊസൈറ്റികൾ മാസയോഗങ്ങൾ നടത്തി. പയ്യംപള്ളി, ചെന്നലോട്, ഒണ്ടയങ്ങാടി, ചെറുകാട്ടൂർ നടവയൽ, എടയൂർക്കുന്ന്, ദ്വാരക, ആലാറ്റിൽ, തവിഞ്ഞാൽ, തലപ്പുഴ, പാറത്തോട്ടം, ഒഴുക്കന്മൂല, കോട്ടത്തറ, എന്നീ യൂണിറ്റുകളിൽ നടത്തിയ യോഗങ്ങൾക്ക് റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**ഓണകിറ്റ് വിതരണം**

മുതിരേരി സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ അർഹരായ SHG അംഗങ്ങൾക്ക് ഓണകിറ്റ് വിതരണം ചെയ്തു.

**ഓണാഘോഷം നടത്തി**

കൊട്ടിയൂർ, പയ്യംപള്ളി, കണിയാരം, ചെന്നലോട്, മംഗലശേരി, കല്ലോടി എന്നീ യൂണിറ്റുകളിൽ നടത്തിയ ഓണാഘോഷത്തിൽ അംഗങ്ങൾക്കായി വിവിധ കായിക മത്സരങ്ങളും നടത്തി. ആഘോഷ പരിപാടികൾക്ക് യൂണിറ്റ് ഡയറക്ടർമാരായ റവ. ഫാ. സജി പുഞ്ചയിൽ, റവ. ഫാ. സുനിൽ വട്ടുകുന്നേൽ, റവ. ഫാ. സജി കോട്ടായിൽ, റവ. ഫാ. അഖിൽ ഉപ്പുവീട്ടിൽ എന്നിവരും WSSS പ്രോഗ്രാം ഓഫീസർ പി. എ ജോസ് സാറും നേതൃത്വം നൽകി.

**സജീവം**

കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം WSSS ലൂടെ നടപ്പിലാക്കുന്ന സജീവം പദ്ധതിയുടെ ഭാഗമായി പോരൂർ, കുണ്ടാല, കബനിഗിരി

എന്നിവിടങ്ങളിലെ SHG അംഗങ്ങൾക്കായി നടത്തിയ ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറിൽ പാലക്കാട് മേഴ്സി കോളേജിലെ MSW വിദ്യാർത്ഥികളായ അൻഷിത, മേഘ എന്നിവർ ക്ലാസ്സുകളെടുത്തു.

## SHG രൂപീകരണം

WSSS ന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മാനന്തവാടി, ഒണ്ടയങ്ങാടി, തലപ്പുഴ, ചെറ്റപ്പാലം, യവനാർകുളം, പട്ടാണികൂപ്പ്, ആനപ്പാറ, സീതാമൗണ്ട്, കാപ്പുംകുന്ന്, വലിയകുന്ന്, കുപ്പാടിത്തറ, കണിയാരം, എന്നിവിടങ്ങളിൽ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചു.

## സോപ്പുൽപ്പന്ന പരിശീലനം നൽകി

കോഴിക്കോട് ആൻസിലേ കോൺവെന്റ് സ്പർശം പദ്ധതിയിലെ 30 അംഗങ്ങൾക്ക് വേണ്ടിയും കാഞ്ഞിരങ്ങാട്, എടത്തന, തവിഞ്ഞാൽ, എടമുണ്ട, തലപ്പുഴ എന്നിവിടങ്ങളിലെ SHG, JLG അംഗങ്ങൾക്ക് വേണ്ടിയും നടത്തിയ സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനങ്ങൾക്ക് ഷീന ആന്റണി, ആലീസ് സിസിൽ, റ്റുബിൻ ജിപ്സൺ, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

## സുരക്ഷാക്യാമ്പയിൻ

സാമൂഹ്യ സുരക്ഷാ പദ്ധതികളായ പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, പ്രധാനമന്ത്രി ജീവൻ ജ്യോതി ബീമാ യോജന, അടൽ പെൻഷൻ യോജന എന്നീ സ്കീമുകളെ കുറിച്ച് യവനാർകുളം, തവിഞ്ഞാൽ, എടത്തന, എടമുണ്ട എന്നിവിടങ്ങളിലെ SHG, JLG അംഗങ്ങൾക്ക് ക്ലാസ് നൽകുകയും സ്കീമിലേക്ക് 34 അംഗങ്ങളെ ചേർക്കുകയും ചെയ്തു.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

ലേബർ ആൻഡ് സോഷ്യൽ സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങളും കെ.എൽ.എം പ്രവർത്തനങ്ങളും രൂപം കൈവരിച്ച് വരുന്നു. കർമ്മപദ്ധതികൾക്ക് രൂപം നൽകുന്നതിനായി രൂപതയിലെ വൈദികരുമായി നേരിലും ഔപചാരിക സമ്മേളനങ്ങളിലുമായി ആശയവിനിമയം നടത്തി. അതിലൂടെ ലഭ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംഘാടനരീതികളും പ്രവർത്തനങ്ങളും രൂപപ്പെടുത്തിവരുന്നത്.

**വൈദികരുമായുള്ള ആശയവിനിമയം**

രൂപത പ്രസ്സ്ബിറ്ററൽ കൗൺസിൽ യോഗത്തിലും വാർഷിക ധ്യാനത്തിന്റെ രണ്ട് ബാച്ചുകളിലുമായി രൂപതയിലെ മുഴുവൻ വൈദികരുമായി കെ.എൽ.എം പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷാ പദ്ധതികളും ഇടവകാതല സംഘാടനരീതിയും ചർച്ച ചെയ്യുകയുണ്ടായി. രൂപതാ ഡയറക്ടർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ വിഷയാവതരണം നടത്തി. ധാരാളം നിർദ്ദേശങ്ങൾ ഇതിലൂടെ ലഭിക്കുകയുണ്ടായി.

**ട്രേഡ് യൂണിയൻ വർക്ക്ഷോപ്പ്**

2023 സെപ്റ്റംബർ 1 മുതൽ 3 വരെ ബാംഗ്ലൂരിൽ വെച്ച് അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ലേബർ കോഡ് തയ്യാറാക്കുന്നതിനായി നടന്ന ട്രേഡ് യൂണിയൻ നേതാക്കളുടെ വർക്ക്ഷോപ്പിൽ WIFന്റെയും KLMന്റെയും പ്രതിനിധിയായി മാനന്തവാടി രൂപതാ കെ.എൽ.എം ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ പങ്കെടുത്തു.

**മലബാർ റീജിയണൽ സമ്മേളനങ്ങൾ**

04-09-2023 ന് മലബാർ റീജിയണിലെ കെ.എൽ.എം രൂപതാ ഡയറക്ടർമാരുടെ യോഗം താമരശ്ശേരി രൂപതാ ഡയറക്ടറും റീജിയണൽ ഡയറക്ടറുമായ ഫാ. ജയ്സണിന്റെ നേതൃത്വത്തിൽ നടന്നു. കോഴിക്കോട്, താമരശ്ശേരി, ബത്തേരി, മാനന്തവാടി, തലശ്ശേരി, കണ്ണൂർ, കോട്ടയം റീജിയണുകളിൽ നിന്നുള്ള ഡയറക്ടർമാർ പങ്കെടുത്തു.

ഇതിലെ തീരുമാനപ്രകാരം സെപ്റ്റംബർ 13 ന് കണ്ണൂർ രൂപതയിലെ കെയ്റോസിൽ വെച്ച് മലബാർ റീജിയണിലെ രൂപതാ ഭാരവാഹി കളുടെ സമ്മേളനം ചേർന്നു. മാനന്തവാടിയിൽ നിന്നും രൂപതാ ഡയറക്ടറോടൊപ്പം പ്രസിഡണ്ട് ബിജു പോൾ, കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, ടീം അംഗം ബിജു മാത്യു അരീക്കാട്ട് എന്നിവർ പങ്കെടുത്തു.

**ക്ഷേമനിധി രജിസ്ട്രേഷൻ**

തയ്യൽ ജോലി ഉപജീവന മാർഗ്ഗമായി സ്വീകരിച്ച 15 വനിത കൾക്ക് 08-09-2023 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ നടന്ന രജിസ്ട്രേഷൻ ക്യാമ്പിൽ അംഗത്വം ലഭിച്ചു.

**പാരീഷ് കോഡിനേറ്റർമാർ**

ഇടവകാതലത്തിൽ ജീവസ് & കെ. എൽ. എം പ്രവർത്തനങ്ങൾ ക്കായി ഇടവകാതലത്തിൽ ഒരാളെ പാരീഷ് കോഡിനേറ്റർ ആയി നിയമിക്കാം എന്നാണ് വൈദിക യോഗങ്ങളിൽ തീരുമാനിച്ചത്. അതിൻ പ്രകാരം എല്ലാ ഇടവകയിൽ നിന്നും ജോലിയിൽ നിന്ന് റിട്ട യർ ചെയ്തവരോ പ്രവർത്തനങ്ങളിൽ സഹായിക്കാൻ സാധിക്കുന്ന വരോ ആയ ഒരു വ്യക്തിയെ പാരീഷ് കോഡിനേറ്റർ ആയി ചുമത ലപ്പെടുത്തി പേരും ഫോൺ നമ്പറും 8848458203 എന്ന നമ്പറിലോ 9544559030 എന്ന നമ്പറിലോ WSSS ഓഫീസിലോ നവംബർ 30 ന് മുമ്പ് തരണമെന്ന് താത്പര്യപ്പെടുന്നു. തുടർന്ന് ഇവർക്ക് രൂപതാ തലത്തിൽ പരിശീലനം നൽകുന്നതാണ്.

**സാമൂഹ്യ സുരക്ഷാ ക്യാമ്പുകൾ**

സാമൂഹ്യ സുരക്ഷാ പദ്ധതികളായ വിവിധ ക്ഷേമപദ്ധതികൾ, ഇൻഷൂറൻസ് പദ്ധതികളായ പി.എം.ജെ.ജെ.ബി.വൈ, പോസ്റ്റ് പേയ്മെന്റ് ബാങ്കിന്റെ ആക്സിഡന്റൽ പോളിസി മുതലായവയിൽ അംഗത്വം എടുക്കുന്നതിനായി ഇടവകാതലത്തിൽ ക്യാമ്പ് നടത്താൻ തയ്യാറാണ്. മുൻകൂട്ടി അറിയിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ക്യാമ്പിൽ പങ്കെടുത്ത് നടപടി ക്രമങ്ങൾ ക്യാമ്പിൽ വച്ച് തന്നെ പൂർത്തിയാക്കുന്നതാണ്. താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**സ്വാവലംബൻ (സുരക്ഷ) പദ്ധതി**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ അംഗത്വമെടുത്ത് 60 വയസ്സായ 14 പേർക്ക് പദ്ധതിയുടെ ആനുകൂല്യം തിരികെ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു.

ചെറുകിട തോട്ടം തൊഴിലാളികളായ 02 പേർക്ക് പെൻഷന് അപേക്ഷയും ഒരു വിവാഹ ധനസഹായ അപേക്ഷയും മാനന്തവാടി പ്ലാന്റേഷൻ ഓഫീസിൽ സമർപ്പിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**ആമുഖം**

സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**1. NABARD Joint Liability Group Formation (JLG) ക്ലാസ്**

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കാൻ പോകുന്ന 200 JLG ഗ്രൂപ്പുകളുടെ രൂപീകരണത്തിന്റെ മുന്നൊരുക്കമായി ഒരു ക്ലാസ് 16.08.2023 ശനിയാഴ്ച്ച രാവിലെ 10.30 മുതൽ NDS ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. എന്താണ് Joint Liability Group കൾ എന്നും, എങ്ങനെയാണ് ഗ്രൂപ്പുകളെ രൂപീകരിക്കേണ്ടതെന്നും, ഗ്രൂപ്പുകൾ രൂപീകരിച്ചശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അതിലൂടെ അംഗങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങളെക്കുറിച്ചുമെല്ലാം WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ വിശദമായി ക്ലാസ്സെടുക്കുകയും അംഗങ്ങളുടെ സംശങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ സ്വാഗതവും, NDS ന്റെ മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ നന്ദിയും പറഞ്ഞു. അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി, വിവിധ യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവർ ക്ലാസിൽ പങ്കെടുത്തു.

**2. ഓണാഘോഷം 2023 - യൂണിറ്റുകളിൽ**

മലയാളികളുടെ ദേശീയോത്സവമായ ഓണം വിവിധ യൂണിറ്റകളുടെ നേതൃത്വത്തിൽ വളരെ ആഘോഷമായി നടത്തപ്പെട്ടു. ഓണക്കളികളും, ഓണപ്പാട്ടു മത്സരവും, വടംവലിയും, ഓണസദ്യയുമെല്ലാം അതിന്റെ മാറ്റ് കൂട്ടി. 23.08.2023 ന് ധർമ്മഗിരി യൂണിറ്റിലും,

24.08.2023 ന് ബോസ്പാറ യൂണിറ്റിലും, 27.08.2023 ന് വിമലഗിരി, മണ്ണുവയൽ, കൽപ്ര, കയ്യൂന്നി യൂണിറ്റുകളിലും വിപുലമായ രീതിയിൽ ഓണാഘോഷം നടത്തപ്പെട്ടു. മത്സര വിജയികളായവർക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. NDS യൂണിറ്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഭാരവാഹികളുടെ ഉത്തരവാദിത്വത്തിലാണ് ഓണാഘോഷങ്ങൾ നടത്തപ്പെട്ടത്. NDS മേഖലാ ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, ജൂഡ് മാർട്ടിൻ, ജോഷി എന്നിവർ വിവിധ യൂണിറ്റുകളിലെ ആഘോഷ പരിപാടികളിൽ പങ്കെടുത്തു.

**3. ഓണാഘോഷം 2023 - മേഖലയിൽ**

മേഖലയുടെ നേതൃത്വത്തിലുള്ള ഓണാഘോഷം 28.08.2023 ന് മേഖലാ ഓഫീസിൽവെച്ച് നടത്തപ്പെട്ടു. അന്നേ ദിവസം 5 യൂണിറ്റുകളിൽനിന്ന് പൂക്കള മത്സരത്തിൽ അംഗങ്ങൾ പങ്കെടുത്തു. പൂക്കള മത്സരത്തിൽ വിമലഗിരി യൂണിറ്റ് ഒന്നാം സ്ഥാനവും, ബോസ്പാറ, കൽപ്ര യൂണിറ്റുകൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി, ധർമ്മഗിരി, ഭാരതിനഗർ യൂണിറ്റുകൾ പ്രോത്സാഹന സമ്മാനത്തിനും അർഹരായി. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ വിജയികൾക്ക് ക്യാഷ് പ്രൈസ് വിതരണം ചെയ്തു. അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, ജൂഡ് മാർട്ടിൻ, ജോഷി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**4. NDS ന്റെ വാർഷിക ഓഡിറ്റിംഗ്**

2022-23 വർഷത്തെ NDS ന്റെ സാമ്പത്തിക ഇടപാടുകളുടെ വാർഷിക ഓഡിറ്റിംഗ് 24.08.2023 ന് മേഖലാ ഓഫീസിൽവെച്ച് നടത്തപ്പെട്ടു. NDS ന്റെ ഓഡിറ്റർ ജോൺ മാത്യു സാറിന്റെ ഓഫീസിൽനിന്നും സ്റ്റാഫ് അംഗങ്ങൾവന്ന് ബില്ലുകളും, രസീതുകളും, വൗച്ചറുകളും പരിശോധിക്കുകയും അവയുടെ കൃത്യത ഉറപ്പുവരുത്തുകയും ചെയ്തു.

**5. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ**

നീലഗിരി റീജിയണിലെ ജനങ്ങളുടെ ആരോഗ്യ ക്ഷേമത്തിനു വേണ്ടിയുള്ള പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ആരംഭഘട്ടമായി ആംബുലൻസിനും, മെഡിക്കൽ ഉപകരണങ്ങൾക്കും വേണ്ടിയുള്ള കൊട്ടേഷൻ സ്വീകരിച്ച്

അത് മാനന്തവാടി രൂപതാ കാര്യാലയത്തിന്റെ ചർച്ചക്കും അനുവാദ ത്തിനുമായി സമർപ്പിച്ചു.

**6. BSW & MSW Students Field Training and Block Placement**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയുടെ ആഭിമുഖ്യ ത്തിൽ ഗൂഡല്ലൂർ ഗവൺമെന്റ് ആട്സ് & സയൻസ് കോളേജിലെ 5 BSW സ്റ്റുഡൻസിനും, കോഴിക്കോട് ഹോളിക്രോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിലെ 2 MSW സ്റ്റുഡൻസിനും അവരുടെ പഠനത്തിന്റെ ഭാഗമായുള്ള ഫീൽഡ് വർക്ക് ട്രെയിനിംഗും, ബ്ലോക്ക് പ്ലെയ്സ്മെന്റും വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്ക റ്റുകൾ വിതരണം ചെയ്തു. ഈ രണ്ടു കോഴ്സുകളിലും പഠിക്കുന്ന കുട്ടികൾക്ക് ഒരു മാസത്തെ പരിശീലന പരിപാടികൾ ആണ് എൻ.ഡി.എസിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ചിരുന്നത്. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ഫീൽഡ് സന്ദർശനങ്ങളും മറ്റ് സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്ന ഓഫീസുകളും, ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്ന ഓഫീസു കളും സന്ദർശിക്കുകയും അവരുടെ പ്രവർത്തനങ്ങളെക്കുറിച്ചും, സമൂഹത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളെ ക്കുറിച്ചും, അതിന്റെ ഉപഭോക്താക്കളെക്കുറിച്ചും ഓരോ പദ്ധതിയു ടെയും സാധ്യതകളെക്കുറിച്ചും, നടപ്പിലാക്കുന്ന രീതികളെക്കുറിച്ചു മെല്ലാം വിശദമായി മനസ്സിലാക്കുവാൻ കുട്ടികൾക്ക് സാധിച്ചു. ഗവൺമെന്റ് ഹോർട്ടികൾച്ചർ ഓഫീസ്, ഐ. സി. ആർ.ഡി ട്രസ്റ്റ്, ഇക്കോ ടൂറിസം ഡിപ്പാർട്ട്മെന്റ് തെപ്പക്കാട്, ആശാഭവൻ, ചാരിറ്റി ഹോം, എന്നീ ഓഫീസുകൾ സന്ദർശിച്ചു. അതോടൊപ്പം നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 12 യൂണിറ്റുകളിലും സന്ദർശനം നടത്തി അവിടുത്തെ പ്രവർത്തനങ്ങളെ ക്കുറിച്ച് പഠിക്കുകയും ചെയ്തു. അതുകൂടാതെ എൻ.ടി.എസ് നബാർ ഡിന്റെ സഹായത്തോടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന LEDP പ്രോഗ്രാമിനെ കുറിച്ച് പഠിക്കുകയും അതിന്റെ ഉപഭോക്താക്കളെ സന്ദർശിച്ച് ആ പ്രോജക്ടിലൂടെ അവർക്ക് ലഭിക്കുന്ന ഗുണങ്ങളെ കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

ട്രെയിനിംഗിന്റെ പൂർത്തീകരണത്തിന്റെ ഭാഗമായി അവർ കടന്നുപോയ പരിശീലന പരിപാടിയെകുറിച്ചുള്ള ഒരു വിശദമായ റിപ്പോർട്ടും, മോഡൽ പോജക്ടും തയ്യാറാക്കി സമർപ്പിക്കുകയും ചെ

യ്തു. നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബിനോയി കാശാൻകുറ്റിയിൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോർഡിനേറ്റർ ജോഷി എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. ഇതുകൂടാതെ 12 യൂണിറ്റുകളുടെ കീഴിലുള്ള യൂണിറ്റ് കോഡിനേറ്റർമാരും ഈ പരിശീലന പരിപാടിയിൽ അവരെ സഹായിച്ചു. പരിശീലന പരിപാടിയുടെ സമാപനം 2023 സെപ്റ്റം ബർ 14 തീയതി NDS ഓഫീസിൽ വച്ച് നടത്തപ്പെട്ടു. NDS അസി സ്റ്റൻറ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ അവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**7. ദിനാചരണങ്ങൾ**

അന്താരാഷ്ട്ര ഓസോൺ ദിനമായ സെപ്റ്റംബർ 16നും, അന്താ രാഷ്ട്ര Water Monitoring Day ആയ സെപ്റ്റംമ്പർ 18 നും ആ ദിനങ്ങ ളുടെ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ തയ്യാറാക്കി ഗ്രൂപ്പുക ളിൽ ഷെയർ ചെയ്തു.

**8. NABARD LEDP പ്രോജക്ട് റിപ്പോർട്ട്**

നബാർഡിന്റെ സഹായത്തോടെ നീലഗിരി ഡെലവപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ആട് വളർത്തൽ പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്ക് നൽകി യിരിക്കുന്ന PMEGP സബ്സിഡി ലോണിന്റെ കഴിഞ്ഞ മാസത്തെ തിരിച്ചടവ് വളരെ വിജയകരമായി പൂർത്തീകരിച്ചു. രണ്ട് ലക്ഷത്തി നാല്പതിനായിരം രൂപയോളം ഈ ഇനത്തിൽ സമാഹരിക്കുകയും ബാങ്കുകളിൽ തിരിച്ചടവായി ചെലുത്തുകയും ചെയ്തു. ഇതുവരെ 100% ലോൺ തിരിച്ചടവ് അംഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇതു കൂടാതെ 8 അംഗങ്ങളുടെ സബ്സിഡിയുമായി ബന്ധപ്പെട്ട രേഖ കളിലെ അവ്യക്തത പരിഹരിക്കുന്നതിന് അവ വീണ്ടും ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഓഫീസ് (DIC), ഊട്ടി ഓഫീസിൽ സമർപ്പിച്ചു. 4 അംഗങ്ങൾ ലോണിന്റെ തിരിച്ചടവ് പൂർത്തീകരിച്ചു.

രാധ എന്ന് പേരുള്ള ഉപഭോക്താവിന്റെ രണ്ട് ആടുകളുടെ ഇൻഷുറൻസ് ഈ മാസം നടത്തി. കയ്യൂന്നി യൂണിറ്റിൽവെച്ച് NDS ഡയറക്ടർ ബിജു പൊൻപാറക്കൽ അച്ചന്റെയും ഭാരവാഹികളുടെ യും നേതൃത്വത്തിൽ ഒരു അവലോകന മീറ്റിംഗും, ബാങ്ക് ലോൺ തിരിച്ചടവ് സംബന്ധമായ സംശയങ്ങൾക്ക് നിവാരണം വരുത്തു

ന്നതിനു വേണ്ടിയുള്ള ഒരു ബോധവൽക്കരണ ക്ലാസും എരുമാട് കനറാ ബാങ്ക് മാനേജരുടെ നേതൃത്വത്തിൽ നടത്തപ്പെടുകയും ചെയ്യുകയുണ്ടായി. അതോടൊപ്പം വെറ്റിനറി ഡോക്ടർമാരുടെ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ഉറപ്പുവരത്തുകയും ചെയ്യുന്നു. ജാനകി എന്ന ഉപഭോക്താവ് തന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 10 ആടുകളെ കൂടി മേടിക്കുകയും പദ്ധതിയുടെ ഗുണം സ്വീകരിച്ചു വരികയും ചെയ്യുന്നു. ഇതുവരെ 32 ആളുകളെ വിൽക്കുവാനായിട്ട് ഗുണഭോക്താക്കൾക്ക് സാധിച്ചിട്ടുണ്ട്. കയ്യൂന്നി യൂണിറ്റിൽനിന്നും PMEGP ലോൺ സബ്സിഡി വാങ്ങുന്നതിന് റൂറൽ ഏരിയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും മേടിക്കുകയും ഊട്ടി ഓഫീസിൽ അത് സമർപ്പിക്കുകയും ചെയ്തു.

**9. COIMBATORE NABARD OFFICE VISIT**

നീലഗിരി ഡെലവപ്പ്മെന്റ് സൊസൈറ്റിയുടെ സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിനും ജോഷിയും, 19.09.2023 ന് കോയമ്പത്തൂരുള്ള നബാഡിന്റെ ഓഫീസ് സന്ദർശിക്കുകയും District Development Officer ശ്രീ. തിരുമലൈ റാവുവിനെ സന്ദർശിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളെക്കുറിച്ച് വിശദമായി ചർച്ചനടത്തുകയും ചെയ്തു.

* NABARD MEDP on Soap, Detergent and Dish wash making for Women SHG members of Nilgiris Development Socitey, Gudalur. തിരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്ക് സോപ്പും മറ്റ് അനുബന്ധ ഉത്പന്നങ്ങളും നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള 10 ദിവസത്തെ പരിശീലന പരിപാടിയുടെ പരിഷ്കരിച്ച അപേക്ഷയും അനുബന്ധ രേഖകളും NABARD DDM ന് നേരിട്ട് കൈമാറുകയും അദ്ദേഹത്തിന്റെ അംഗീകാരം നേടുകയും NABARD Regional Office, Chennai ലേക്ക് കൈമാറുകയും ചെയ്തു.

* NABARD OFDD : Certificate course in Home Health Aide - തിരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്ക് 60 ദിസവത്തെ Theory & Practical ക്ലാസ്സുകൾ അടങ്ങിയ പരിശീലന പരിപാടിയുടെ ഓൺലൈൻ അപേക്ഷ പൂർത്തിയാക്കി 19.09.2023 ന് NABARD DDM ന്റെ അംഗീകരം മേടിക്കുകയും NABARD Regional Office, Chennai ലേക്ക് അയയ്ക്കുകയും ചെയ്തു.

* NABARD Watershed Development Programme : നബാർഡിന്റെ സഹായത്തോടെ പാട്ടവയൽ വില്ലേജിലെ മൂന്നനാട് പഞ്ചായത്തിൽ

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രാരംഭഘട്ട പണികൾ പൂർത്തിയാക്കി 19.09.2023 ന് പദ്ധതിയുടെ അപേക്ഷയും അനുബന്ധ രേഖകളും നേരിട്ട് NABARD DDM ന് സമർപ്പിക്കുകയും, ഇ മെയിൽ (20.09.2023) അയയ്ക്കുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കേണ്ടതെങ്ങനെയാണെന്നും, പ്രാരംഭഘട്ടമായി ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും അദ്ദേഹം വിശദമാക്കി.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 18664 കർഷകരാണ് 1099 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrol system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു.**

